There is friendship given and received. Life has no greater glory to offer you than one good friend. And friendship means sacrifice, for friendship is love, a love going out to another and demanding no satisfaction for itself but the satisfaction of going out to that other. True Love is not satisfied with men thinking or speaking of the beloved. It seeks to be united with the beloved. The hankering after is physical closeness and contacts by which friendship is finally scaled.

Birds of a feather:

Besides friends we most of us have associates whom we call friends. We give less to them and expect more of them. They may be only leisure—time acquaintances. Such friends also can add greatly to our happiness in life. But with them also we must remember that the more we put into the friendship the more we shall get out of it. A word of caution is necessary in regard to these associates however. There is always a tendency for "birds of a feather to flock together." We must be careful that the associates we choose bring out the best in us. Sometimes a clash of personalities will do it sometimes a similarity. But if we find our associates are bringing out the worst in us—pettiness, meanness or whatever it may be—it is high time to seek new associates.

Depend upon it, religion is in its essence, the most gentlemanly thing in the world.—*Coleridge.*

Five great enemies to peace inhabit with us, viz avarice, ambition, envy and pride: and if these enemies were to be banished, we should infallibly enjoy perpetual peace.— *Petrarch.*

Friends should be weighed, not told; who boasts to have won a multitude of friends has never had one.

—*Coleridge.*

We may have many acquaintances, but we can have but few friends: this made Aristotle say that he that hath many friends hath none.

—*Dr. Johnson.*


Character is perfectly educated will—*Novalis.*

Behaviour is a mirror in which everyone shows his image.—*Goethe.*


There is not one of us who has not in him the roots of the saint and the criminal.—*Locardaire.*

Listen not to a slanderer or detractor for he tells you nothing out of good will; but as he discovereth of the secrets of others, so he will thine in turn.—*Socrates.*


OUR TEAMS




Foot Ball Team




Basket Ball Team—Zone-winners




Hockey Team—Zone-winners




Cricket Team



P. T. Sadasivan,
General Captain and
Best All-rounder




P. M. Sivaraman,
Senior Champion and
Winner of the
"Very Rev. Shabor Cup"




W. Sureshkumar,
Captain of the
Shield–Winners


OUR CONTRIBUTION TO 'VARSITY TEAMS.




K. Abdurahiman,
Volley Ball




N. K. Sachindranath,
Shuttle Badminton (Captain)



P. Gopalan Nair,
Volley Ball



M. Koya,
Athletics



M. K. Damodaran,
Foot Ball

A Survey of Indian Armed Forces—Ancient to Modern

L/Cpl. N. K. SACHINDRANATH. No. 135584.

Even from the days of the hoary past, the Indian attitude to life was not the glory of blood and conquest. India's heritage is the tradition of peace. India valued pen more than the sword. Therefore, it is not surprising that Indian military history does not resound with imperial glory, with romantic and colourful story of wars of aggressions and deeds of gallantry on foreign soil. As India was the treasure house of the world, many adventurers were attracted to her. Some came for plunder, some for pure adventure and others to settle down.

We can have only vague ideas as to the ancient history of the Indian armed forces. The coming of the Aryans and their subsequent conquest and consolidation can be traced through the great epics 'Ramayana and Mahabharatha'. During this period, wars were the monopoly of the warrior class who attained a high degree of perfection in the use of the ancient weapons.

Alexander the Great was the first European invader who came to India. At that time, there were eight principal States in India. Their combined strength was 1,068,000 infantry, 26,000 cavalry, 13,360 elephants and 17,000 chariots. King Porus alone stood up to Alexander who defeated Indians by adopting superior tactics. The battle at Hydaspas was the culminating point of Alexander's invasion of India. The Greeks and others contend that Alexander's veterans were exhausted and were in no mood to move further. Moreover, the plains of India were full of well trained infantry, chariots, cavalry and elephants waiting ready for Alexander.

Chandragupta ascended the throne of Pataliputra in 321 B. C. His defence policy was controlled by the canons enunciated in the Arthasasthra of his astute prime minister Chanakya. The huge standing army was administered by a war office consisting of thirty members. Forts were built as a last line of defence. Espionage prevailed in full swing. The soldiers were given good pay and they enjoyed a high status in society.

In Asoka the Great, we find the epitome of the true spirit of India—peace by strength and not war for its own sake. In his Kalinga expedition 1,00,000 were slain, many times as many died and 1,50,000 were made captives. Seeing this carnage, Asoka repented and became remorseful. Then he became the greatest exponent of peace and Budhism. Still his army was always kept in fighting trim.

For four hundred years after the decline of the Maurya dynasty, it was one long story of fierce internecine warfare between foreigners stationed in India and the Indian princes themselves. Powerful dynasties of the period were the Sungus and Kanvas in Central and Eastern India and the Satavahanas in Deccan. The Maurya and Pre-Maurya strategy centered round huge elephant forces which were useful especially in positional warfare in jungle areas. Samudragupta and Chandragupta II were great generals of the era. The Kanauj empire carved by force of arms by Harsha, had a powerful army. The abandonement of mobile warefare with more reliance on static defence and pitched battles appears to be the characteristics of the time.

The period from the death of Harsha to the invasion of Sultan Mohamnd Ghazani is often called the period of Rajput ascendancy. Rajputs were the cream of Indian soldiery. Their military exploits, chivalry and sacrifice can be compared to any people's martial glory. Sultan Mahmud of Ghazni began the Muslim invasions. His sack of Somnath was the consummation of a series of invasions from 1001 to 1025 A. D. The defeat of Indian princes at the battle of Thaneswar marked the 'finis' of one chapter of Indian military history and opened another. Hereafter, invaders came and settled down and became Indianised very soon. Thus the Indian Armed Forces became a mixture of nationals and foreigners, who became more Indian than Indians themselves.

Besides the armies of the Moghuls who came through the Khyber pass as the last of the series of conquerors, the two armies destined to influence the course of events to come, were the Khalsa army under the Maharaja Ranjith Singh in the Punjab and the Maratta army under the Chatrapati Shivaji in the Deccan.

The Moghul army was not well trained or efficient. Soldiers joined services under some chief or leader who was ranked according to the number of men he had raised. This was the origin of the 'Mansab' first introduced by Akbar. Moghuls were accustomed to fight on horsebacks and they despised foot soldiers. They never became proficient in the artillery

Chatrapati Shivaji is one of the most dazzling soldier sons of India whose contributions to Indian Military thought and organisation has been great indeed. Shivaji fought successfully against the Moghuls, Portuguese, Bijapuris, Hyderabadis and a host of other petty kings. His army was one of the largest state owned armies ever raised in India. He did not recognise the feudalistic process of recruiting. His strategy was speed, surprise and secrecy. The Marathas perfected the the art of guerilla warfare even better than the Americans in their war of Independance. Shivaji constructed a network of citadels at strategic sites and this formed the nucleus of his might. Since artillery was undeveloped at that time, he was secure as a "mountain rat".

The rise of Sikh power constitutes an inspiring history of military glory in India. In fact stalwart soldiers like the Sikhs can hardly be equalled. The Sikhs united by the Bhakti movement under Guru Gobind Singh a might army of crusaders, or Khalsa to avenge their religious and political grievances. They proved a thorn in the flesh of the Moghul Imperial Army. After Banda Bahadur's defeat, the army weakened. With emergence of Ranjit Singh, the Khalsa army again became a great power to be reckoned with. Ranjit Singh has a great passion for guns and artillery. He modernised the army along western lines.

With the advent of the British, the Indian armed forces began a new career altogether. Modern Indian army began as watch keepers of the East India Company These evolved into the three presidency armies of Bombay, Madras and Bengal. In 1748, they were for the first time united under Major Stringer Lawrence, the first C–in–C of a modern Indian Army.

In 1754, the first Royal Troops came to India. The British army became the model for all reforms. The English made many reforms which hurt the religious susceptibilities of the orthodox Indian soldiers. Even as early as 1806, the Vellore Mutiny broke out. Discontentment came to a head in 1857 which saw the Sepoys going berserk with fanaticism and patriotism and they shook the British Raj to its very foundation. In the result, however, about 30,000 soldiers remained loyal upto the end, a like number was disarmed or deserted. 70,000 soldiers joined the revolt at different times. As a result of this rebellion, India became a Crown Colony. Henceforth, the artillery became the monopoly of English soldiers and Indians were kept out of this. Lord Kitchener assumed office as C-in-C in 1902. He reformed the army, gearing it up to a war footing.

When the first world war broke out, India provided an expeditionary force to France. Indians fought in such widely separated theatres of war as France, Belgium, Gallipoli, Salonika, Palestine, Egypt, Sudan, Mesapotamia, Aden, North China etc. Thus, 53,486 Indian soldiers had laid down their lives fighting for the English. After the conclusion of armistice, demobilisation began. For this purpose, the Indian Soldiers Board was formed. An Imperial war Memorial was erected in Delhi at a total cost of 6 lakhs of rupees.

Still, despite Indian Soldiers gallant sacrifices in so many wars, there were hardly any Indian holding King's Commission during the first world war. Owing to political agitations, ten seats were reserved to Indians in the Sandhurst Military College. On the 13th March 1922, Prince of Wales opened a military college at Dehra Dun. Thus began the Indianisation movement in the army.

Once again, the Indian armed forces proved their hitting power when the second world war broke out. Mobilisation went on in full swing, and the army in India quickly reached a total of 1,200,000 apart from the 2,50,00 serving overseas.

Finally independence was achieved after the pangs of partition. At partition the distribution of the army in the two dominions were as follows :—

	India	Pakistan
Infantry Regiments	15	8
Armoured Corps	12	6
Artillery Regiments	18½	8½

The first Indian General of the Independent India was General Cariappah. Thus on reviewing Indian military history, we find that India has a split personality. India had and continue to have a mighty army even when she practised and preached the doctorine of Ahimsa. Truly, independence is born of strength. Weakness is a bane to Individuals as to nations. We want muscles of iron, nerves of steel, gignatic wills which nothing can resist.

WHAT IS IT ?

It pays most of the taxes
It provides most of the jobs
It has given us all our factories and shops
It develops inventors and business builders
It alone can raise our standard of living
It is the hope of the human race
Yet — Karl Marx said it must be destroyed
What is it ? It is Private Enterprise.

Love is a flame which burns in heaven, and whose soft reflections radiate to us. Two worlds are opened, two lives given to it. It is by love that we double our being : it is by love that we approach God.— *Aim Martin.*

Friendship is a great thing. A gentleman named Cicero once wrote a whole book aboout it, but I think the best definition was that given by a small boy who said "A friend is a person who likes you even though he knows you".—*Dr. Downey.*

I have never had a policy. I have simply tried to do what seemed best each day, as each day came.

—*Abraham Lincoln.*

MIGHTIER THAN SWORD

C. C. MICHAEL, II B. Sc.

The tongue that moves the people rules the World. It is mightier than sword. Only a persuasive speaker can win the hearts of men and hold the reins of government in any state. From Demosthenes to Webster, critical times in history have produced great orators and great orations have changed the course of history. For speech sways the thoughts of men. Because the gift of speech brought power, oration was the first literary form to reach high perfection. It developed swiftly in the popular deliberative assemblies of early democracies of ancient Greece and Rome.

Among the Greeks were many famous orators of whom Isocrates, Demosthenes, and Pericles are especially famous. The names of Cicero, Mark Antony and Cato represent Roman oratory at its best. From the downfall of the Roman Empire until the late modern period oratory suffered a decline; but at the time of the American and French revolutions there was an awakening, signified by such names as Pitt, Sheridan, Burke, Fox, James Otis and Alexander Hamilton. Winston Churchill, the English statesman is one of those who rank high among modern orators.

While oration is recognised as the highest form of public discourse, the term oratory is here used in its broadest sense and includes all kinds of public speaking from the lowest to the highest. Speeches range from business remarks and toasts to political addresses, sermons and orations which are the loftiest types of public speech. Speeches may be of several classes *demonstrative*, in which the purpose of the speaker is less to persuade than to please his audience *deliberative* or *exhortative* in which the speaker aims to secure a certain decision, to arouse people to action or to convince them of a truth, *Judiciary*, used chiefly by advocates in court, characterised by clearness, close logic and earnestness. Some of the greatest speeches have been pleas in court. All these different types have been practised by leaders and mentors of men over all the world.

Can we too become great speakers? It is said that a poet is born and an orator is made. It is quite true. You and I can become persuasive talkers if we put forth our best efforts to attain this end. I would say an orator too is born that is, he is toil-born. If the weak-voiced Demosthens could become one of the most famous orators of the world why should we despair of success?

You want to convey a definite and clear idea to your listeners! Have it first precisely and clearly ringing within you. Make a thorough study of the subject, the whole subject. For thus an intelligent reading of the important speeches, pamphlets and books bearing on the topic is necessary. But don't forget to jot down the striking points. Now reflect on the points that are relevent. New ideas are sure to cross your mind. Note them also down.

Thus after having collected your thoughts it will be advisable to arrange our ideas. Constructing it according to a good plan which will secure proportion, insure development and prevent digression. Rhetoricians give many divisions of discourse. But the simple outline, introduction, main body and conclusion seem to meet the demands in all kinds of speeches. It is a good practice to write down the speech at length. This is the best way of eliminating wordiness and of acquiring exactness of expression.

The importance of the first impression is of great moment to the speaker as well as to the audience. With a good introduction you prepare the minds of the audience. At the start the speaker must consider the occasion, the object of his speech, and the mood of the audience he confronts. We may say that in order to win the support and sympathy of the hearers, the introduction should be local as to time, place, and object of the speech, generally concrete and always definite in statement deferential to the audience and to the preceding speakers if there be any, conciliatory if conciliation is needed. It should be dignified both in commendation and condemnation, calculated to awaken attention and interest. Above all it must be brief avoiding all references to the invitation to make the speech and to the various difficulties and inconveniences he had to undergo in acceding to the request of the authorities concerned. The topic may be directly announced in the first sentence or paragraph. It is worthwhile to attempt a statement that excites attention, arouses curiosity, surprises the listeners. A short humorous story definitely

relating to the topic or its present import may be profitably narrated. A clever and challenging question secures a keener attention.

Now what about the main discourse or the body of the speech? The body of the speech, being its substance, should be teeming with concrete facts and illustrations and not a parade of generalities. A better way of bringing an audience to your view is to take to a masterful and friendly explanation and not arrogant and haughty arguments. To hold the audience in suspense it is better to give the main points as the speech progresses rather than stating them all at the very outset. The distribution of materials, the statements of facts and the logical trend of discussion are closely allied to the subject itself and must vary according to conditions. There are many orders such as the *historical order*, *the logical order* and the *distributive order*. Any one of them or a combination of them will apply to any kind of speech. The historical order arranges the facts, events, statements, proofs and conclusions with regard to the time of occurence. Webster's speech in the trial of Knapp for the murder of Capt. Joseph White is an excellent illustration of the historical order of discussion. The logical order links all incidents, testimonies, proofs and arguments into a complete chain of argumentation, the whole subject being to convince the audience. Burke's speech on "Conciliation with the Colonies" illustrates this logical order. The distributive order arranges co-existing matters into groups and distributes these groups in their relation to each other and to the general aim of the speech. This method is especially adopted to the more eloquent styles of oratory such as the panegyric or civic oration. The speaker must conform to the three great principles of rhetorical structure, unity, climax and proportion.

The conclusion is the crucial point for the skill of the speaker. It leaves the final impression which may prove a triumph or a failure for the orator. It should be carefully prepared in thought, language and even in delivery. The essential requisites of a good conclusion are summary, brevity and termination. Eloquent language also should be added to them. In conclusion the main points of the speech must be recapitulated and re-emphasized. The speech may be concluded with some choice quotation. Another way of concluding a speech is to bring it to a grand climax. It is a good habit to compliment the audience. A smile of optimism or a humorous story or a witty comment may at times serve the purpose best.

It is not enough that we prepare a good speech. We have to deliver it well. What, then, should be the qualities of a discourse. I would suggest clearness, force and persuasiveness as the qualities necessary for all speeches. Clearness is the quality by which the thought and emotions are presented intelligibly to the audience. It deals especially with the diction and the syntax of sentences and the logic of thought. To insure clearness the speaker should cultivate the habit of clear thinking, study authors who are notably clear in style. Force is the quality which renders the discourse capable of strong, vital utterance and energetic expressive action. It is acquired by the selection of weighty idiomatic words whose meaning and phonetic constituents are full of power, by the use of strong, figurative language by a skilful interweaving of short, energetic sentences with the necessary longer ones and by arranging the plan of discourse with special reference to climax and dramatic strength. Persuasiveness is that quality of discourse which appeals to the will through emotions. Persuasive passages should be in proper proportion to the thought—action of the speech and follow only when the minds of the audience have grasped the situation. Persuasion is the special function of climaxes and the conclusion. The language should be fraught with expressive words, pathetic or stirring associations of ideas and experiences. There should be a judicious use of striking figures of speech and above all the speaker should manifest an earnestness of purpose and a full mastery of elocution or delivery.

Our speech, above all, must be sparkling. But how are you to make it sparkle. Put into your speeeh, for example, amusing definitions, suitable anecdotes, epigrams or quotations. You may make use of illustrations from literature, such as biographies or plays. A tactful repetition of words, phrases and clauses serves to instill your ideas into your listeners. Variety in sentence structure, and the use of alliteration and similes render your speech livily and pleasant.

Face the audience, open your mouth and speak distinctly and aloud. Your speech must be heard by every person in the audience. Think you are the master of the situation and don't shake

off all nervousness. Should you read your speech it should sound as if you are speaking without a manuscript. You may also deliver the speech with occasional references to the manuscript but do it with some dexterity. Should you memorise your manuscript you should speak naturally. You may choose whatever method is best suited to you, but make the best of it. Your gestures, if any, should be natural. Too much of vehement gestures is not advisable. Avoid walking up and down the platform lest you should distract the audience. If you follow these tips you will surely turn out a good and persuasive speaker. Remember that a speech best prepared is best delivered. Don't try the patience of the audience by practising before them. Practise at home.

Oratory is so powerful. It stirs men to action. The stamp of its influence is clear in the national life, it is a vital force in the civil polity of the present and its promise of power and usefulness in the future is so great that it should be placed in the curriculum of every college and university that lays claims to a thorough preparation of youth for the duties and responsibilities of life.

SO HE BEAT THE COMMUNISTS

Mountain climbing teaches the art of hanging on. Once, De Gasperi, premier of Italy, slipped and hung for hours by a rope over a precipice. When one of his rescuers remarked that it must have been the worst experience of De Gasperi's life, he said, "Nonsense. It was not half so bad as life mormally is under fascism."

—Time (19 April '48.)


OTHELL'S TOWER ISLAND OF CYPRUS

It was here Othello in a jealous race strangled his wife.
Shakesper's play, although based on fact, contains errors.
Othello was not a moor—his name was Christoforo Moro
He was the venetian Governor of Cyprus and
A white man—but he did strangle his wife!

TYPOGRAPHICAL DEATH

CARLO ALESSANDRO GUNDI, Italian lyric poet and dramatist (1650–1712), died from a typographical error. He translated "The Book of Homilies", a 16th century English work, into immaculate Latin. As the first copy rolled off the presses, he hastened to the Vatican to present it to Pope Clement-XI. On the way he glanced at a page and was so mortified to find that the word "sine" (without) was spelted "sin" that he went home and died of the shock.


OUR N. C. C.



Fr. Principal amidst our Cadets at Alleppey Camp



Lt. Col. Dr. Pisharadi opening our N. C. C. Block




O. C. 4. Kerala-Bn. N. C. C. thanking the authorities for the N. C. C. Building




Trophies won by our pln. on N. C C. Day Celebrations

N. C. C. IN ACTION




A Section advancing



A light machine gun class




A Section taking fighting position




A demonstration of firing a light machine gun


MOCK U. N. ASSEMBLY



A delegate addressing the Session



Fr. Principal personating Pandit Nehru



A view of the audience

ജീവിതഗാനം*

വി. ചന്ദ്രശേഖരൻ നായർ

ആതിരനാളിങ്ങാഗതമായ്
ആനന്ദത്തിൽ പൊൽക്കൊടിയേ!
ആടിപ്പാടി നടന്നീടാൻ
ആരും കൂട്ടിനു വേണ്ടെന്നോ?

അന്നൊരു നാളപ്പൂഴവക്കിൽ
മന്ദസമീരൻ വീശുമ്പോഠം
വാനത്തമ്പിളിയോടൊപ്പം
ആരാമത്തിൽ നീ വന്നു.

താരകളം പൂഴം പൂന്തിങ്കളം
പാരിൽ പൂഞ്ചിരി പൊഴിയുമ്പോഠം,
താരുകളം പൂഴം നീ നിന്നു
പൂഞ്ചിരി തൂകിപ്പുതുറാണീ!

ആതിരരാവിൻ ചന്ദ്രികയിൽ
പാരിടവും, നിൻ പൂഞ്ചിരിയിൽ
ഞാനും, പൂളകം കൊള്ളുന്നു
ആനന്ദത്തിൻ തുമുത്തേ!

മന്ദസമീരൻ പൂന്തോപ്പിൽ
മാവിൻപൂക്കളം വിടർത്തുമ്പോഠം
അപ്പൂതുഗന്ധം നുകരാനായ്
നാമിരുപേരും വന്നല്ലോ.

കിസലയമുണ്ണും കുയിലിണയും
പൂന്തേനുണ്ണും വണ്ടിണയും
ജീവിതഗാനം പാടുമ്പോഠം
പാടാത്തെന്തേ നാമിനിയും?

പൂഞ്ചിരി തൂകും ചന്ദ്രികയും
പാഞ്ഞുകുതിയ്ക്കും പാൽപ്പൂഴയും
മന്ദമുലാത്തും മാരുതനും
നമ്മോടെന്തേ മന്ത്രിപ്പൂ?

ജീവിതഗാനം പാടുക നാം,
പാടിപ്പാടി മറക്കുക നാം,
ആനന്ദത്തിൽ മുങ്ങാനായ്
നല്കീ ദൈവം നരജന്മം!

---

* 'കാവ്യോത്സവ'ത്തിൽ വായിച്ചത്

ചഞ്ചലഹൃദയനായ കവി

എ. കെ. രാജൻ, I B. Sc

ആധുനികമലയാളസാഹിത്യാന്തരീക്ഷത്തെ ദേദീപ്യമാനമാക്കിയ ഒരു തേജോഗോളമാണ് ചങ്ങമ്പുഴ. മഞ്ഞണിമലകളും മലരണിക്കാടുകളും കടന്നുവന്ന ആ അനുഗ്രഹീതഗായകൻ കൈരളിയുടെ പാദങ്ങളിൽ അപ്പിച്ച കവനകുസുമങ്ങളം ഇന്നും അമ്മാനമായി പരിലസിക്കുന്നു. സ്വജീവിതത്തിൽനിന്നു ആവേശമുൾക്കൊണ്ട്, സ്വപ്നസദൃശമായ മണ്ഡലങ്ങളിൽ വിഹരിച്ച്, സാഹിത്യത്തിൽ അഭികാമ്യമായ അഭിനവപ്രസ്ഥാനങ്ങൾക്ക് മാർഗ്ഗദർശനം നല്കിയ കവിയാണദ്ദേഹം. നൈമിഷികവികാരങ്ങളിൽ ആണ്ടുമുങ്ങിയ ചങ്ങമ്പുഴ സഹോദരസ്നേഹികളുടെ ഹൃദയം കവർന്ന അനേകം കവിതകളെഴുതി. പക്ഷേ, അവ പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളുടെ സമാഹാരമാണ്. എല്ലാറ്റിനേയും ഒരേ കേന്ദ്രത്തിലുറപ്പിക്കാനല്ല അദ്ദേഹം പരിശ്രമിച്ചതു.

ഒരു മാറ്റം

ചങ്ങമ്പുഴക്കവിതകളിൽ കവിഹൃദയത്തിലെ വികാരവിക്ഷോഭങ്ങളുടെ ധാരമുറിയാതുള്ള പ്രവാഹം നമുക്കു ദർശിക്കാം. 'പാട്ടിന്ന പിശാചി'ലൂടെ ചങ്ങമ്പുഴ പാടുകയാണ്:

"മിത്രങ്ങളം മിത്രങ്ങളം പാഷാണപാത്രങ്ങളം
മിഥ്യാഭ്രമങ്ങളംക്കധീനനായ് ഞാൻ!"

പ്രതികൂലപരിതഃസ്ഥിതികളാൽ ക്ലേശപൂർണ്ണമായൊരു ജീവിതം നയിക്കേണ്ടിവന്നതായിരിക്കാം ഒരുപക്ഷേ കവിയെക്കൊണ്ട് തന്റെ ആത്മാർത്ഥസുഹൃത്തുക്കളെപ്പോലും പാഷാണപാത്രങ്ങളായി ചിത്രീകരിക്കുവാൻ പ്രേരിപ്പിച്ചതു്. ആത്മാർത്ഥതയില്ലാത്ത സ്വാർത്ഥമതികളാണ് സ്നേഹിതന്മാരെന്നും, താൻ മാത്രമാണ് ആത്മാർത്ഥതയുള്ള ആളെന്നും ആ ശുദ്ധഹൃദയൻ തെറ്റിദ്ധരിച്ചു. പക്ഷേ 1123-ൽ തൃശ്ശിവപേരൂർ മംഗളോദയം നേഴ്സിങ്ങ് ഹോമിൽ രോഗശയ്യയെ ശരണംപ്രാപിച്ച കിടക്കുമ്പോൾ രചിച്ച 'നീയന്ന തീച്ചൂള' എന്ന കവിതയിലൂടെ കേരളത്തിലെ സഹൃദയഹൃദയങ്ങളെ നോക്കിക്കൊണ്ട് ചങ്ങമ്പുഴ ഹൃദയസ്പർശകമായ രീതിയിൽ,

"ആയുരാരോഗ്യങ്ങളാശീർവദിച്ചുകൊ-
ണ്ടായിരമായിരമെത്തുന്നു കത്തുകൾ;
ഓരോ സുഹൃത്തുക്കളജ്ഞാതർ കൂടിയു-
മീരോഗശയ്യയിലെത്തിപ്പു സംഖ്യകൾ."

എന്നു പാടുകയുണ്ടായി. ആ കവികോകിലത്തെ കേരളത്തിലെ സഹൃദയരാരുംതന്നെ അന്നു മറന്നില്ല. രോഗശയ്യയിൽ ആശീർവാദങ്ങളും പണക്കിഴികളും എത്തിച്ചേരുന്നതു കണ്ടപ്പോൾ, യഥാർത്ഥത്തിൽ ചങ്ങമ്പുഴ പശ്ചാത്തപിക്കയായിരുന്നു.

"എത്രയുണ്ടധമനാണെങ്കിലുമെന്നെയെൻ
മിത്രങ്ങൾ നിങ്ങൾ വെടിഞ്ഞീലൊരിക്കലും."

സ്വജീവിതനാടകവേദിയിൽ യവനിക വീഴുന്നതിനു് മുമ്പു് അദ്ദേഹം പാടിയ ഈ ഈരടികൾ ഹർഷാശ്രുപാതത്തോടുകൂടിയല്ലാതെ സ്മരിക്കുവാൻ സാദ്ധ്യമല്ല.

നാരികേളം

അംഗനമാരുടെ അംഗസൌഷ്ഠവത്തെ ശ്രവണസുഭഗങ്ങളും പ്രസന്നോജ്ജ്വലങ്ങളുമായ ഈരടികളിലൂടെ ചങ്ങമ്പുഴ പാടിപ്പുകഴ്ത്തിയിട്ടുണ്ട്. പെൺകൊടിമാരൊത്തു്, നാളെ മരവിച്ചുപോകുന്ന മൺതടി ഒരു രാത്രിയിൽ മാത്രം സകലതും വിസ്മരിച്ചു് കൈകോർത്തുനിന്നാടിയാലെന്താണെന്നു് ചങ്ങമ്പുഴ ചോദിക്കുകയുണ്ടായി. ഭോഗലോലുപമായ വികാരത്തിന്റെ വേലിയേറ്റത്തിൽ അദ്ദേഹം അങ്ങനെ ചോദിച്ചെങ്കിലും,

"നാരികയം നാരികയം, വിശ്വവിപത്തിന്റെ
നാരായവേരുകയം, നാരകീയാഗ്നികയം."

എന്നു് ഗർജ്ജിക്കുകയുണ്ടായില്ലേ? ഇത്തരം ഈരടികയം അദ്ദേഹത്തിന്റെ ചഞ്ചലഹൃദയതത്വത്തിന്റെ പ്രതീകങ്ങളാണു്. പ്രേമം മാംസനിബദ്ധമാണെന്നു വിശ്വസിച്ച ചങ്ങമ്പുഴ പില്ക്കാലത്തു്

"പ്രേമം മഹത്തരം ജ്ഞാനത്തേക്കായം, പക്ഷേ
പ്രേമമൈരാശ്യമൊരുല്ലടസങ്കടം." എന്നു പാടുകയുണ്ടായി.

നിരീശ്വരവാദി?

ചങ്ങമ്പുഴയുടെ ആസ്തിക്യബോധത്തെ പലരും ചോദ്യം ചെയ്തിട്ടുണ്ടു്.

"വിത്തനാഥന്റെ 'ബേബി'യ്ക്കു പാലും
നിദ്രാച്ചെവക്കന്നുമിനീരും
ഈശ്വരേച്ഛയാ,കിലമ്മട്ടല്ലെങ്കി-
ലീശ്വരനെച്ചവിട്ടുക നമ്മയം."

ഈ ലോകത്തിൽ കാണുന്ന അസമത്വങ്ങയംക്കു് മുഴുവൻ ഉത്തരവാദി ഈശ്വരനാണെങ്കിൽ, അങ്ങനെയുള്ള ഈശ്വരനെ ചവിട്ടാനാണു് ചങ്ങമ്പുഴ ആഹ്വാനം നല്കിയതു്. ഈ വരികളെ തെറ്റായി വ്യാഖ്യാനിച്ചാലും, അദ്ദേഹം മനുഷ്യരിൽനിന്നു് അതീതമായ, സർവ്വസാക്ഷിയും സർവ്വവ്യാപിയുമായ ഒരു ശക്തിയുണ്ടെന്നു വിശ്വസിച്ചിരുന്നതായിക്കാണാം.

"നശ്വരജീവികയം നമ്മയംക്കരീതമായ്
വിശ്വത്തിലുണ്ടൊരു നിത്യസത്യം;
ആ നിരാലാത്മീയ ശക്തിതൻ മുന്നിലി-
ന്നാനതമൈയലികളാക നമ്മയം."

ചങ്ങമ്പുഴ ബി. എ. ഓണേഴ്സ് പാസ്സായി, ഗവേഷണവിദ്യാർത്ഥിയായി ജോലി ചെയ്യുവാൻ ആഗ്രഹം പ്രദർശിപ്പിച്ചുകൊണ്ടു് ഡോ. ഗോദവർമ്മയ്ക്കെഴുതിയ ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഞാൻ ഏകാന്തമായി കുരിശുമുത്തിരുന്നു് എത്രയെത്ര രാത്രികളിൽ ഉള്ളുപൊട്ടി തേങ്ങിക്കരഞ്ഞിട്ടുണ്ടെന്നു് തിരുമേനിക്കറിയാമോ? സർവ്വേശ്വരന്റെ പാദങ്ങളിൽ സമർപ്പിക്കപ്പെട്ട ആ ബാഷ്പബിന്ദുക്കയം ഒന്നുംതന്നെ വിഫലമായിട്ടില്ല. മനുഷ്യനെ എനിക്കു ഭയമില്ല; പക്ഷേ ഈശ്വരനെ ഞാൻ ഭയപ്പെടുന്നു.....എനിക്കു ചിരട്ടയെടുത്തു് പിച്ചതെണ്ടുവാനായിരിക്കാം ഈശ്വരൻ വിധിച്ചിട്ടുള്ളതു്. അങ്ങനെ വന്നാലും ഞാൻ ഈശ്വരനെ നിന്ദിക്കയില്ല."

മാറിയ സംസ്കാരം

"ഗീത ലയിച്ചൊരീമണ്ണിൽ മുളയ്ക്കുന്നീ-
യേതും പവിത്രഫലാഢ്യമാണെന്നുമേ."

എന്നു പാടി, ആഷ്സംസ്കാരത്തിന്റെ ഉൽക്കൃഷ്ടസ്പന്ദനങ്ങളെ വാഴ്ത്തിയ കവിതന്നെ ആഷ്ഗ്രന്ഥങ്ങളെ ചുട്ടെരിക്കാൻ കാഹളം മുഴക്കി.

"ഒളിയമ്പിനു വിരുതനാം ശരവീരൻ ശ്രീരാമൻ
വിളയാടാനുള്ളതല്ലിനിയീ ലോകം."

എന്നദ്ദേഹം പ്രഖ്യാപിക്കയുണ്ടായില്ലേ! ചങ്ങമ്പുഴയ്ക്കു് ഇങ്ങനെ ഒരു മനഃപരിവർത്തനം സംഭവിച്ചതു് 'അരിവാളിൻ തത്വശാസ്ത്രം' പഠിച്ചപ്പോഴാണോ എന്നു സംശയിക്കുന്നതിൽ അസംഗത്യമില്ല.

ചഞ്ചലഹൃദയനായ കവിയാണു് ചങ്ങമ്പുഴ. അദ്ദേഹത്തിന്റെ കവിതകയം പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളുടെ സമാഹാരമാണു്. അത്യുന്നതമായ ജീവിതദർശമോ അതിസൂക്ഷ്മമായ ജീവിതനിരീക്ഷണമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല.

നിന്നെറ ഓമ്മയ്ക്ക്

പി. കേശവൻ നമ്പൂതിരി, I M. Sc.

ഒരു മഞ്ഞിൻകട്ടപോൽ മരവിച്ച മൂകത
നടമാടുമാപ്പീസ്സു ഹാളിൽ
വരിയായി ഞങ്ങളിരിപ്പാണു കൗണ്ടറി-
ന്നരികിൽ ഫയലുകൾക്കുള്ളിൽ.
കടലാസു കീറുന്ന ശബ്ദവും കൂടിയൊ-
രിടിവെട്ടപോലാണിവിടെ.
അരികിലാരെങ്കിലും തുമ്മിയാൽ ഞങ്ങൾക്ക-
തണുബോംബു പൊട്ടലായ്ത്തോന്നും!
പഴതായി മഞ്ഞനിറം വീണ കടലാസ്സി-
ന്നെരിയുന്ന ഗന്ധം പരക്കും
ഒരു കൊച്ചുലോകത്തിൽ പ്ലൈവുഡ് കസാലയിൽ
പകലന്തിയാക്കണമെങ്കിൽ,
പട്ടുകുറനെക്കൗണ്ടുബുക്കും മലത്തിവെ-
ച്ചെരിയുന്ന ബംബിൻ ചുവട്ടിൽ
കരിപോലെ കറവീണ പല്ലിളിച്ചുങ്ങൾ
കളിയാക്കിടുന്നതും നോക്കി
കഴിയണമെന്നുമൊരാളെങ്കിലായാൽക്കു
കരളുകൊണ്ടെന്താണു കായ്മ്?

തടിയൻകടലാസുകെട്ടുകൾ നീക്കി ഞാൻ
തലതാഴ്ത്തിയൊരുപാടു നേരം
അതുമിതും ചിന്തിച്ചിരുന്നു; സ്മരണയി-
ലൊരു പൂവനികപോലപ്പോൾ
തെളിവായി വന്നു കലാലയജീവിത-
മധുമാസരാവിൻ ചിരികൾ.
അതിലൊരുപൂവു,ണ്ടതിപ്പോഴും കൺമുമ്പിൽ
വികസിച്ച നിൽപതായ്ത്തോന്നീ,
അതിലൊരു പൊട്ടിച്ചിരിയു,ണ്ടതു കാതി-
ലലയടിച്ചപ്പോഴെക്കെത്തി.

അതു നീയാ,ണതു നിന്നെറ പൊട്ടിച്ചിരിയാണ,-
തരുതെനിക്കോർക്കുവാൻപോലും.
അവിടെ നാം രണ്ടിളംപാറകൾ പോലന്നാ
വനികയിൽ പാത്തിട്ടും കാലം,
അറിയാതെ തമ്മിലടുത്തുപോയ്, നിന്നിൽ ഞാൻ
പുതിയൊരു കൗതുകമാന്നു.

അരികിൽ നീയുണ്ടെങ്കിലാത്മാവിലാനന്ദ-
മനുഭൂതി നെയ്തു നിവർത്തും.
അതു നോക്കിയായിരം മൂകഗാനങ്ങളെൻ-
കരളിൻ വിപഞ്ചിയുതിർക്കും.

എവിടെയാണിന്നു നീ, പാവമെ രാപ്പീസ്സ-
മുറിയിലല്ലാതിരിക്കട്ടെ.
ഇതുപോലെ മൂകത തങ്ങിനിന്നാൽ നിൻറെ
ഹൃദയം മുരടിച്ചുപോകും!

അറിയുന്നു നിന്നിലൂടിന്നു ഞാൻ കോളേജു-
മുറികളിലന്നത്തെ സഭ്യം.
അവയെ,യാസ്വപ്നശതങ്ങളെ, നിന്നിലൂ-
ടറികത്തേക്കാനയിപ്പൂ ഞാൻ.
അതു നോക്കി നില്ക്കുമ്പോളെന്നിലെ വേദന
വെറുമൊരു പാട്ടായി മാറും.
ചെറുതായിച്ചെറുതായെൻ പാട്ടൊരു നേരിയ
തിരമാല മാത്രമായ്ത്തീരും
വിപുലമാമന്തരീക്ഷത്തിലതങ്ങനെ
വിറപൂണ്ട സഞ്ചരിക്കുമ്പോൾ,
ഒരുപക്ഷേ നീയറിയാതെ നിൻചെവിയിലു-
മതു വന്നു മുട്ടിവിളിക്കും!

ചെറിയൊരോട്ടോഗ്രാഫു പുസ്തകത്തിൽ ചോപ്പു
നിറമുള്ള പേജിൻ നടുവിൽ
വടിവിൽ 'മറക്കരുതെ'ന്നു നീ നിർദ്ദയ-
മെഴുതിയ കാര്യം മറന്നോ?
അതു നോക്കിയെന്നും ഞാനോർക്കും നിൻമുഖില-
ന്നെഴുതിയ പദ്യശകലം.
ഉടനെയെൻ കൺമുന്നിലൂറിവന്നങ്ങനെ-
യിളകാതെ നില്ക്കുമിച്ചിത്രം.

വലിയൊരീ ലോകത്തിലെവിടെയോ പച്ചപ്പുൽ-
ത്തകിടിയിൽ നീ ചെന്നിരുന്നു,
അരികിലായ് നിന്നാത്മസഖികളും; നിങ്ങള-
ന്നൊരുപാടു കാര്യം പറഞ്ഞു:
ഇടയിൽ നീ കാലയവനിക തുക്കിയ
കഥകളോരോന്നു തുടങ്ങി,
ചെറുതിടപൊട്ടിച്ചിരിയൊന്നയന്നു; നീ
കവിത വായിച്ചു കഴിഞ്ഞു.....

മാസ്റ്റർപീസ്

തോമസ് പാലയൂർ, I B.Sc.

രംഗം 1

(ഡിസ്പെൻസറിയിലെ ഒരു മുറി. പത്മം ഒരു കട്ടിലിൽ കിടക്കുന്നു. അവൾ ഇടയ്ക്കിടയ്ക്ക് ചുമയ്ക്കുന്നുണ്ട്. അലമാരയിൽ കുപ്പികളെല്ലാം ചിട്ടപ്പെടുത്തിവെക്കുന്ന നേഴ്സ് നേരിയ സ്വരത്തിൽ ഒരു പാട്ടു പാടുന്നു.

ഇഫക്ട്: കുപ്പികൾ കൂട്ടിമുട്ടുന്ന ശബ്ദം.

ഒന്നും മൂന്നും രംഗങ്ങളിൽ പത്മം സംസാരിക്കുമ്പോഴെല്ലാം കടുത്ത ചുമകൊണ്ട് അവളുടെ സംഭാഷണം ഇടയ്ക്കിടയ്ക്ക് തടസ്സപ്പെടുന്നുണ്ട്.)

പത്മം: നേഴ്സ്, ഒന്നു പാടാതിരുന്നുകൂടേ?

നേഴ്സ്: എന്താ പത്മം; പാട്ടുകേൾക്കുന്നത് നിനക്കിത്ര വെറുപ്പാണോ?

പത്മം: അല്ല, നേഴ്സ്.

നേഴ്സ്: ഓ, എന്റെ പാട്ടിന്ന് മാധുര്യം പോരാഞ്ഞിട്ടായിരിക്കാം.

പത്മം: അങ്ങനെയായിരുന്നുവെങ്കിൽ ഞാനീ ഹോസ്പിറ്റലിൽ വന്നന്നു മുതൽ ദിവസവും നേഴ്സിനെക്കൊണ്ട് പാട്ടുപാടിക്കുമായിരുന്നോ?

നേഴ്സ്: എന്നാൽ പിന്നെ എന്താണ് പത്മം എന്നോടിങ്ങനെ പറയാൻ കാരണം? നിന്റെ ആ വാക്കുകൾ എന്നെ വല്ലാതെ വേദനിപ്പിച്ചു.

പത്മം: തെറ്റിദ്ധരിക്കരുത്, നേഴ്സ്. എനിക്ക് ഇന്ന് ഒന്നിനുമൊരുത്സാഹം തോന്നുന്നില്ല.

നേഴ്സ്: എന്താണ് കാരണം? നെഞ്ചിലുണ്ടായിരുന്ന ആ വേദന കൂടുതലുണ്ടോ?

പത്മം: അതൊന്നുമല്ല. പാട്ടു കേൾക്കുമ്പോൾ കരയാനാണ് തോന്നുന്നത്; ഹൃദയം മുഴുവൻ വേദനയാണ്.

നേഴ്സ്: കാരണമെന്താണെന്നു പറയൂ പത്മം. ഒന്നും മറച്ചുവെക്കേണ്ട. ഞാൻ പറയാറില്ലേ നീ എന്റെ ആനുജത്തിയാണെന്നു —

പത്മം: ഞാൻ പറയുന്നത് നേഴ്സ് വിശ്വസിക്കുമോ?

നേഴ്സ്: തീച്ചയായിട്ടും.

പത്മം: നേഴ്സ്, ഞാൻ നാളെ മരിക്കാൻ പോകുകയാണ്.

നേഴ്സ്: (പൊട്ടിച്ചിരിച്ചുകൊണ്ട്) ഹ, ഹ, മരിക്കുകയോ? ചുരുണ്ട മുടിയും നീണ്ട കണ്ണുകളുമുള്ള, എന്റെ ഈ അനുജത്തി? എന്റെ കൊച്ചുകള്ളി നീ എന്നെ കളിപ്പിക്കുകയാണല്ലേ?

പത്മം: അല്ല, നേഴ്സ്, ഞാൻ തമാശപറയുകയല്ല. നാളെ സൂര്യനുദിക്കുന്നതിനുമുമ്പ് ഞാൻ മരിക്കും

നേഴ്സ്: പത്മം, നീ വല്ലാതെ ഭയപ്പെട്ടിരിക്കുന്നുവല്ലോ. ആരാണ് ഈ വിഡ്ഢിത്തമെല്ലാം നിന്നെ പറഞ്ഞു ധരിപ്പിച്ചത്?

പത്മം: ആരും പറഞ്ഞ് ധരിപ്പിച്ചതല്ല. എനിക്കറിയാം, അതാണ് നടക്കാൻപോകുന്നതെന്ന്.

നേഴ്സ്: എന്റെ പത്മം, എന്തൊക്കെയാണ് നീ പറയുന്നത്! അതുമിതും ചിന്തിച്ച് നീ മനസ്സെല്ലാം വ്യത്തികേടാക്കിയിരിക്കുകയാണ്. ഞാൻ പറയാറില്ലേ, വെറുതെ കിടക്കുമ്പോൾ, നീ എഴുതാൻ പോകുന്ന ആ കവിതയെപ്പറ്റി ചിന്തിക്കണമെന്ന്. കാശ്മീരിനെക്കുറിച്ചുള്ള ആ കവിത. അതിനുള്ള വരികളാലോചിക്കാൻ എത്ര സുഖമായിരിക്കും?

പത്മം: എനിക്കിനി അതൊന്നും കഴിയുകയില്ല നേഴ്സ്. അടുത്ത ചില മണിക്കൂറുകൾക്കകം എല്ലാം അവസാനിക്കാൻ പോകുകയാണ്.

നേഴ്സ്: ഒന്നു മതിയാക്കൂ, പത്മം. എന്റെ പൊന്നനുജത്തീ. ഒന്നു പറയൂ, എവിടെനിന്നാണ് നിനക്കീബോധജ്ഞാനമുണ്ടായത്?

പത്മം: നേഴ്സ്, ഞാനൊരു കാര്യം കാണിച്ചുതരാം. ഇതാ ഈ ജനാലയിലൂടെ പുറത്തേക്കു നോക്കൂ.....

നേഴ്സ്: എന്താണിത്ര വിശേഷമുള്ളത്? പൂക്കളില്ലാത്ത ഒരു തോട്ടം മാത്രമല്ലേ കാണാനുള്ളൂ?

പത്മം: തോട്ടത്തിന്റെ മതിലിനോട് ചാരി ഒരു ചെമ്പകച്ചെടി നില്ക്കുന്നതു കണ്ടോ?

നേഴ്സ്: കണ്ടു; ഉണങ്ങിക്കരിയാൻ പോകുന്ന ഒരു ചെടി.

പത്മം: അതെ, അഞ്ചെണ്ണം മാത്രം. അഞ്ചെണ്ണം.

നേഴ്സ്: അഞ്ചെണ്ണമോ? പത്മം, നീ എന്താണ് പറയുന്നത്? എന്താണഞ്ചെണ്ണമുള്ളത്?

പത്മം: അഞ്ചിലകൾ.

നേഴ്സ്: അതെ, ആ ചെമ്പകത്തിൽ അഞ്ചിലകളാണുള്ളത്. അതിനെന്താണ്?

പത്മം: ഇന്നു കാലത്ത് പത്തിലകളുണ്ടായിരുന്നു. ഇപ്പോഴും അഞ്ചുമാത്രം. നാളെ നേരം പുലരുന്നതിനു മുൻപ് അവസാനത്തെയിലയും വീഴും. അതോടുകൂടി ഞാനും പോകേണ്ടിവരും, എന്നെന്നേക്കുമായി.

നേഴ്സ്: ഛെ വിഡ്ഢിത്തം! എന്റെ പത്മം, എന്താണ് നീ ഇങ്ങനെ ഭ്രാന്തു പറയുന്നത്? നാണമില്ലല്ലോ കൊച്ചുകുട്ടികളെപ്പോലെയാകാൻ. ചെമ്പകത്തിന്റെ ഇല കൊഴിയുന്നതും മരണവുമായി എന്തു ബന്ധമാണുള്ളത്? പത്മം ഒരു പൊട്ടിപ്പെണ്ണാണ് കേട്ടോ.

പത്മം: കാണാമല്ലോ, നേരം പുലരുന്നതിനു മുൻപ് അവസാനത്തെ ഇലയും വീഴും.

നേഴ്സ്: ഭ്രാന്തുപറയൽ ഒന്നു നിർത്തു പത്മം. ഓ, ഈ മരുന്നൊന്നു കുടിക്കൂ.

(വായിൽ മരുന്നൊഴിച്ചു കൊടുക്കുന്നു)

നേഴ്സ്: മധുരമുള്ള മരുന്നാണല്ലേ. ഇനി കണ്ണടച്ചു കിടന്നോളൂ. ഞാൻ ജനറൽ വാർഡിലൊന്നു പോയിട്ടു വരട്ടെ. ഞാൻ മടങ്ങിവരുന്നതുവരെ കണ്ണു തുറക്കുകയോ ആ നശിച്ച ഇലകളെപ്പറ്റി ചിന്തിക്കുകയോ ചെയ്യരുതു്.

പത്മം: നേഴ്സ്, നടക്കേണ്ടതു എന്നാലും നടക്കും. കണ്ണടച്ചാലും ഇലകൾ വീഴാതിരിക്കില്ലല്ലോ.

നേഴ്സ്: പറയുന്നതൊന്നു കേൾക്കൂ, പത്മം. ആ നശിച്ച ഇലകളെപ്പറ്റി ഒന്നും ചിന്തിക്കാതിരിക്കൂ. ഞാൻ പോയിവരട്ടെ.

(ഇഹക്ക്: വാതിലടയുന്ന ശബ്ദം)

രംഗം 2

(ഗോപി ഒരു മൂളിപ്പാട്ടു പാടിക്കൊണ്ട് ഒരു പാറയിലിരിക്കുന്നു. നേഴ്സ് പ്രവേശിക്കുന്നു. മൂളിപ്പാട്ട് പെട്ടെന്നു നിലയ്ക്കുന്നു.)

ഗോപി: ഓ, സരോജമായിരുന്നോ? ഇരുട്ടിൽ വന്നതു കണ്ടു പേടിച്ചുപോയി.

സരോജം: ഇപ്പോഴും പേടി മാറിയോ?

ഗോപി: ഓ, മാറി. മാറി. സരോജം നീ എന്താണിന്നിത്ര വൈകിപ്പോയതു്? നിന്നെയും കാത്തു് എത്ര നേരമായി ഞാനീ പാറയിലിരിക്കുന്നു. ആകാശത്തു ചന്ദ്രനുംകൂടിയില്ല. മഴയിപ്പോഴും പെയ്യുമെന്നു തോന്നുന്നു.

സരോജം: ഇന്നു് ഹോസ്പിറ്റലിൽ കുറേ അധികം അഡ്മിഷൻസുണ്ടായിരുന്നു. എല്ലാം ന്യൂമോണിയാ കെയ്സുകളാണു്. അതുകൊണ്ടു് വളരെ ജോലിയുണ്ടായിരുന്നു.

ഗോപി: കഷ്ടം. ഒരു നേഴ്സായിപ്പോയതുകൊണ്ടു് പ്രേമിക്കാൻപോലും സമയമില്ലാതായിപ്പോയി.

സരോജം: ഫിലോസഫിയെല്ലാം ഒന്നടക്കിവെയ്ക്കൂ. കേൾക്കട്ടെ, ഇന്നു് നാട്ടിൻപുറത്തെല്ലാം അലഞ്ഞുതിരിഞ്ഞിട്ടു് എന്തെങ്കിലും വരയ്ക്കാൻ കഴിഞ്ഞോ? നിങ്ങളുടെ മാസ്റ്റർപീസിന്റെ ഒരു ഭാഗമെങ്കിലും.....

ഗോപി: ഒട്ടും പ്രചോദനമുണ്ടായില്ല സരോജം. നല്ല മോഡൽസും കണ്ടുകിട്ടിയില്ല.

സരോജം: എത്ര കൊല്ലമായി നിങ്ങളീ മാസ്റ്റർപീസു് വരയ്ക്കാൻ നടക്കുന്നു. അതിനുവേണ്ടി ചെല്ലാത്ത നാടുമില്ല, കാണാത്ത കാഴ്ചകളുമില്ല. കാൻവാസും താങ്ങി നടക്കുന്ന ഈ തൊഴിലൊന്നു നിർത്തി വല്ല ഉപകാരമുള്ള തൊഴിലുമെടുത്തുകൂടെ?

ഗോപി: അതൊന്നും കളിയാക്കേണ്ട സരോജം. എന്റെ മാസ്റ്റർപീസു വരച്ചിട്ടേ ഞാൻ മരിക്കുകയുള്ളൂ. അതെല്ലാം പോകട്ടെ. നിന്റെ ആ കവിതക്കാരിയായ രോഗിക്ക് എങ്ങനെയിരിക്കുന്നു?

സരോജം: ഓ, പത്മത്തിന്റെ കാര്യമാണോ? ആ നല്ല പെൺകുട്ടിയുടെ നില അപകടകരമാണെന്നാണ് ഡാക്ടർ ഇന്നു പറഞ്ഞതു. അവളുടെ മാനസിക നില വളരെ മോശമായിരിക്കുകയാണത്രെ. ജീവിക്കാനുള്ള ആശപോലും അവരുടെ നശിച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു ന്യൂമോണിയാരോഗി സുഖം

പ്രാപിക്കുക വിഷമമാണെന്നാണ് ഡോക്ടർ പറയുന്നത്. അവളിൽ പ്രതീക്ഷയുടെ ഒരു നാളമെങ്കിലും കൊളുത്താൻ കഴിഞ്ഞാൽ അവളെ മരണത്തിൽനിന്നു രക്ഷിക്കാമെന്ന് അദ്ദേഹത്തിനുറപ്പുണ്ട്.

ഗോപി: പാവം പെൺകുട്ടി!

സരോജം: മരണത്തെപ്പറ്റി മാത്രമേ അവൾക്കിപ്പോൾ ചിന്തിക്കാൻ കഴിയുന്നുള്ളു. ഇന്നു വൈകുന്നേരം അവളെന്നെ വിളിച്ച് തോട്ടത്തിൽ നില്ക്കുന്ന ഒരു ചെമ്പകച്ചെടി കാണിച്ചുതന്നു, ഉണങ്ങാൻപോകുന്ന ഒരു ചെടി. അതിൽ കൊഴിഞ്ഞുവീഴാത്തതായി അഞ്ചിലകളാണുള്ളത്. അവസാനത്തെ ഇല വീഴുന്നതോടുകൂടി അവളും മരിക്കുമെന്നാണ് ആ പെൺകുട്ടി ഉറച്ച് വിശ്വസിക്കുന്നത്. ഇന്നു രാത്രിയോ മറ്റോ അവസാനത്തെ ഇലയും വീഴുമായിരിക്കും. നാളെ രാവിലെ ഇലയില്ലാത്ത ചെടി കാണുമ്പോൾ പത്മത്തിന് എന്തൊക്കെയാണ് സംഭവിക്കുകയെന്ന് എനിക്കറിഞ്ഞുകൂടാ.

ഗോപി: സരോജം, നിനക്കാ പെൺകുട്ടിയെ പറഞ്ഞു മനസ്സിലാക്കാമായിരുന്നില്ലേ, അതെല്ലാം വെറും അന്ധവിശ്വാസമാണെന്ന്.

സരോജം: ഞാൻ വളരെയേറെ ശ്രമിച്ചിട്ടും ഫലമൊന്നുമില്ല. ആ വിശ്വാസത്തിൽനിന്ന് പത്മത്തെ ഇളക്കുവാൻ ആർക്കും സാധിക്കുകയില്ലെന്നാണ് എനിക്കു തോന്നുന്നത്.

ഗോപി: അവളുടെ പനിയെങ്ങനെയുണ്ട്?

സരോജം: ഒട്ടും കുറവില്ല. ഇന്നു വൈകുന്നേരം 104·5° ഉണ്ടായിരുന്നു.

ഗോപി: കടുത്ത പനിയും മരണഭയവും. ആ പാവം പെൺകുട്ടിയുടെ കാര്യം അപകടകരമാണെന്നാണ് എനിക്കും തോന്നുന്നത്. അവസാനത്തെ ഇലകളെപ്പറ്റിയുള്ള അവളുടെ വിശ്വാസം യാഥാർത്ഥത്തിൽ നിസ്സാരമാണ്. പക്ഷേ, മാനസികനില തെറ്റിയ ഒരു ന്യൂമോണിയാരോഗിയെ സംബന്ധിച്ചേടത്തോളം അത്തരത്തിലുള്ള ഒരു വിശ്വാസം വളരെ പ്രധാനമാണ്. നാളെ രാവിലെ അവസാനത്തെ ഇലയും കൊഴിഞ്ഞുകണ്ടാൽ പത്മത്തിന് എന്തും സംഭവിക്കാം. അത്തരത്തിലാണ് അവളുടെ മാനസികസ്ഥിതിയെന്ന് എനിക്കു തോന്നുന്നു.

സരോജം: അതുതന്നെയാണ് എന്റേയും പേടി. പത്മത്തിന്റെ കാര്യം ആലോചിക്കുമ്പോൾ എനിക്കു ഒട്ടും സമാധാനമില്ല. രണ്ടു മൂന്നു കൊല്ലത്തിനിടയ്ക്ക് ഞാൻ ഏറ്റവും അടുത്ത രോഗിയാണവൾ.

ഗോപി: ശരി.....മെഡിക്കൽ വാർഡിന്റെ തൊട്ടടുത്തുള്ള ആ തോട്ടത്തിലാണോ പത്മത്തിന്റെ ചെമ്പകച്ചെടി നില്ക്കുന്നത്?

സരോജം: അതെ, ആ വെള്ളയടിച്ച മതിലിനോട് തൊട്ടുതന്നെ.

ഗോപി: എന്നാൽ ഞാൻ പോകട്ടെ സരോജം. ഇന്നു സപ്പർ ജോലിയുണ്ട്.

സരോജം: എന്താണ് ഇന്നൊരു ദിവസവുമില്ലാത്തതുപോലെ. ഞാൻ വന്നിട്ട് കാൽമണിക്കൂറായില്ലല്ലോ. അപ്പോഴേക്കും തിരക്കായോ?

ഗോപി: ക്ഷമിക്കണം സരോജം. ഇന്ന് അത്യാവശ്യമായി ഒരു കാര്യം ചെയ്യാനുണ്ട്.

സരോജം: ഈ രാത്രിയിലോ?

ഗോപി: അതെ സരോജം. വളരെ അത്യാവശ്യമാണ്. വരട്ടെ, രാത്രിയല്ലേ. ഞാൻ നിന്റെ വീട്ടുവരെ കൂട്ടു വരാം.

രംഗം 3

(ഇഫക്ട്–വാതിൽ തുറക്കുന്ന ശബ്ദം. നേഴ്സ് പത്മം കിടക്കുന്ന മുറിയിലേക്ക് പ്രവേശിക്കുന്നു.)

നേഴ്സ്: പത്മം ഇതു നേരത്തേ ഉണർന്നോ? പത്മത്തിനു എങ്ങിനെയിരിക്കുന്നെന്നറിയാനാണ് ഞാനിതു നേരത്തെ വന്നത്. ഡ്യൂട്ടി സമയമായിട്ടില്ല. ഇന്നലെ നന്നായുറങ്ങിയോ പത്മം?

പത്മം: മരണവും കാത്തുകിടക്കുമ്പോൾ എങ്ങനെയുറങ്ങാനാണ് നേഴ്സ്?

നേഴ്സ്: ഈ വിസ്സിത്തം ഇനിയും മാറാറായില്ലെ? നിന്റെ സുഖക്കേടെല്ലാം ഭേദമായിക്കഴിഞ്ഞു.

പത്മം: ഭേദമാകുന്നു. പഴുത്ത ഇല വീഴാതിരിക്കില്ലല്ലോ. അതുപോലെ ഞാനും.

നേഴ്സ്: ആ നശിച്ച ഇലയെപ്പറ്റി നീ ഇനിയും സംസാരിക്കുകയാണോ? അവസാനത്തെ ഇല ഇന്നലെ വീഴുമെന്നല്ലെ നീ പറഞ്ഞത്? എന്നിട്ടെന്തായി? അതു വീണില്ലല്ലോ.

പത്മം: എന്തൊരത്ഭുതമാണ് നേഴ്സ്. ഇന്നലെ രാവിലെത്തന്നെ അതു വീഴേണ്ടതായിരുന്നു. പക്ഷെ, ഇന്നു രാവിലെ അതു തീച്ചയായും വീണിട്ടുണ്ടായിരിക്കും. ഇന്നാണെന്റെ അവസാനത്തെ ദിവസം. നേഴ്സ് ആ ജനാലയൊന്നു തുറക്കൂ. ഞാനാ ചെമ്പകച്ചെടിയൊന്നു കാണട്ടെ.

നേഴ്സ്: ഈ ഭ്രാന്തൊന്നു മറക്കൂ പത്മം. ഇല വീണാലും വീണില്ലെങ്കിലും നിനക്കൊന്നും വരാൻ പോകുന്നില്ല.

പത്മം: (സ്വല്പം സ്വരമുയർത്തിക്കൊണ്ട്) ഒന്നു തുറക്കൂ നേഴ്സ്. ഓ, തുറക്കില്ലേ.....

നേഴ്സ്: എന്റെ പത്മം, നിന്റെയൊരു വാശി. ഞാൻ തുറക്കാം.

(ഇഫക്ട്: ജനൽ തുറക്കുന്ന ശബ്ദം.)

പത്മം: (അത്ഭുതാവേശത്തോടെ) നേഴ്സ്! ആ ഇല വീണിട്ടില്ലല്ലോ. അവസാനത്തെ ഇലമാത്രം അവിടെത്തന്നെ നില്പുണ്ട്. അതിന്നൊരു പഴുപ്പുനിറംകൂടിയില്ല.

നേഴ്സ്: അഥവാ, അതു വീണാലും നിനക്കൊന്നും വരാൻ പോകുന്നില്ല. പത്മം.

(കുറേ നേരത്തേക്ക് പത്മം നിശ്ശബ്ദത പാലിക്കുന്നു.)

നേഴ്സ്: എന്താണ് പത്മം ആലോചിക്കുന്നത്?

പത്മം: ഒന്നുമില്ല നേഴ്സ്. എന്റെ ജീവിതവും ആ ഇലയെപ്പോലെതന്നെയായിരിക്കും. കുറേക്കാലംകൂടി ഞാൻ ജീവിക്കുമായിരിക്കും.

നേഴ്സ്: ഓ, പത്മത്തിനു നല്ല ബുദ്ധി തോന്നുന്നുണ്ടല്ലോ. എനിക്കു സമാധാനമായി.

പത്മം: (ആത്മഗതംപോലെ) അല്ലെങ്കിൽ ആ ഇല ഇന്നലെത്തന്നെ വീഴേണ്ടതായിരുന്നു.....

നേഴ്സ്: നിന്റെ പനിയെല്ലാം സുഖമായിക്കഴിഞ്ഞു, പത്മം. ഓ, ഈ ചാർട്ടൊന്നു നോക്കൂ. പനി എത്രമാത്രം കുറഞ്ഞിരിക്കുന്നു. ഇന്നലെത്തന്നെ പനി താഴാൻ തുടങ്ങിയിരുന്നു. എന്നിട്ടും "മരണം മരണം" എന്നായിരുന്നല്ലൊ നിന്റെ പല്ലവി. പൊട്ടിപ്പെണ്ണ്.

(കുറേനേരം നിശ്ശബ്ദത)

നേഴ്സ്: പത്മം എന്താണാലോചന?

പത്മം: കാശ്മീരിനെക്കുറിച്ചുള്ള ആ കവിത എനിക്കിനി എഴുതി മുഴുമിക്കാൻ കഴിയുമെന്നു തോന്നുന്നു.....

നേഴ്സ്: പ്രതീക്ഷയുള്ള ഒരു വാക്കെങ്കിലും നീ പറഞ്ഞല്ലൊ. എനിക്കാശ്വാസമായി.

പത്മം: ഡാൽ തടാകം, ഷാലിമാർ തോട്ടം. ഇവയെല്ലാം ഞാൻ അച്ഛന്റെകൂടെ കാശ്മീരിൽ പോയപ്പോഴാണ് കണ്ടതാണ്. അവയുടെയെല്ലാം പശ്ചാത്തലത്തിലുള്ള ഒരു പ്രേമകവിതയാണ് ഞാൻ എഴുതാൻ പോകുന്നത്.

നേഴ്സ്: നായിക പത്മത്തെപ്പോലെ സുന്ദരിയാണോ?

പത്മം: ഒന്നു കളിയാക്കാതിരിക്കൂ നേഴ്സ്.

നേഴ്സ്: നായകനോ? പത്മത്തിന്റെ സുകുവിനെപ്പോലെതന്നെ ആയിരിക്കുമല്ലേ? നേത്ത മീശയും, നെറ്റിയിലേക്കു വീണുകിടക്കുന്ന മുടിയും.....(ചിരിക്കുന്നു)

പത്മം: ഈ നേഴ്സെന്തൊക്കെയാണ് പറയുന്നത്? വൃത്തികേട്. കളിയാക്കലൊന്നു നിർത്തി അളമാരിയിൽനിന്നു സ്വല്പം പാലെടുത്തുതരാമോ? വല്ലാതെ വിശക്കുന്നു.

നേഴ്സ്: ഓ, സുകുവിന്റെ കാമുകിക്ക് എന്തും തരാമല്ലൊ.

(ഇഫക്ട്: കപ്പിൽ പാലൊഴിക്കുന്ന ശബ്ദം)

നേഴ്സ്: ഇതാ പത്മം. കുടിക്കൂ..... ഓ പിണക്കമാണോ? ഞാൻ തമാശ പറഞ്ഞതല്ലേ പത്മം.....

(പത്മം പാലു വാങ്ങി കുടിക്കുന്നു.)

പത്മം: മധുരം സ്വല്പം കൂടിപ്പോയി നേഴ്സ്.

നേഴ്സ്: ഗ്ലൂക്കോസല്ലേ. ക്ഷീണം തീരാൻ നല്ലതാണ്.

പത്മം: ഈ തലയിണയൊന്നു കയറ്റിവെച്ചുതരൂ, നേഴ്സ്. ഞാനൊന്നുറങ്ങട്ടെ. ഉറങ്ങിയെഴുന്നേറ്റിട്ടുവേണം ഒരു പത്തുവരി കവിതയെങ്കിലുമെഴുതാൻ.

നേഴ്സ്: ഇതു തിരക്കായോ? സുഖക്കേടെല്ലാം തീരെ മാറിയിട്ട് എഴുത്തു തുടങ്ങിയാൽ മതി.

പത്മം: പ്രചോദനമുള്ളപ്പോഴേ എന്തെങ്കിലുമെഴുതാൻ പറ്റൂ.

നേഴ്സ്: എന്നാലും ഞാൻ പത്മത്തെ എഴുതാൻ അനുവദിക്കില്ല. പത്മം വരികയും പറഞ്ഞുതന്നാൽ മതി. ഞാനെഴുതിയെടുക്കാം.

പത്മം: ശരി.

നേഴ്സ്: എന്നാലിപ്പോഴും ഉറങ്ങിക്കോളൂ. ഞാൻ സർജിക്കൽ വാർഡിലൊന്നു പോയിട്ടുവരട്ടെ.

(ഇഫക്ട്: നടന്നുനീങ്ങുന്ന കാലടികളുടെ ശബ്ദം.)

(ഇഹക്ക്: കഠിനമായി മഴപെയ്യുന്ന ഇരമ്പം. വാതിലിൽ മുട്ടുന്ന ശബ്ദം.)

(ഈ രംഗത്തിൽ ഗോപിയുടെ ശബ്ദം കഠിനമായ ചുമകൊണ്ട് ഇടയ്ക്കിടയ്ക്ക് തടസ്സപ്പെടുന്നുണ്ട്.)

ഗോപി: (അകത്തുനിന്ന് ക്ഷീണിച്ച സ്വരത്തിൽ) ആരാണ്? അകത്തു വരാം.

(ഇഹക്ക്: വാതിൽ തുറക്കുമ്പോഴുണ്ടാകുന്ന കിറുകിറ ശബ്ദം.)

ഗോപി: ഓ, സരോജമാണോ! വരൂ, വരൂ.

സരോജം: എന്തു പറ്റി ഗോപി! (പരിഭ്രമിച്ചുകൊണ്ട്) എന്താണ് മൂടിപ്പുതച്ചു കിടക്കുന്നത്?

ഗോപി: പറയാം സരോജം. ആ വാതിലൊന്നടച്ചേക്കൂ. മഴവെള്ളം അകത്തേക്കു തെറിക്കുന്നു.

(സരോജം വാതിലടയ്ക്കുന്നു. മഴയുടെ ശബ്ദം നിലയ്ക്കുന്നു.)

സരോ: പറയൂ, എന്താണ് കാരണം? കണ്ണെല്ലാം ചുകന്നു വീർത്തിരിക്കുന്നുവല്ലോ.

ഗോപി: ഒരു ചെറിയ പനി.

സരോ: ചെറിയ പനിയോ? ഭയങ്കരമായ ചുമയുമുണ്ടല്ലോ. ഡോക്ടറെ കാണിച്ചില്ലേ?

ഗോപി: കാണിച്ചു. ഏതായാലും ഈ പെരുംമഴയത്തു സരോജം ഈ പാവപ്പെട്ടവന്റെ മുറിയിലേക്കു വരേണ്ടിയിരുന്നില്ല.

സരോ: ഇന്നലെ വളരെ വൈകുന്നതുവരെ ഞാനാ പാറപ്പുറത്തു കാത്തിരുന്നു. കാണാതായപ്പോഴാ ഞാനെന്തെല്ലാമോ ചിന്തിച്ചുപോയി. മനസ്സിനു ഒട്ടും സമാധാനവുമുണ്ടായില്ല.

ഗോപി: സരോജം കാത്തിരിക്കുമെന്നു എനിക്കറിയാമായിരുന്നു. തീരെ സുഖമില്ലാതിരുന്നതുകൊണ്ടാണ് വരാതിരുന്നത്.

സരോ: എത്ര അന്വേഷിച്ചിട്ടാണ് ഈ മുറിയൊന്നു കണ്ടുപിടിച്ചത്! എനിക്കത്ഭുതം തോന്നുന്നു. ഈ ഇടുങ്ങിയ മുറിയിൽ ഗോപി എങ്ങനെയാണ് കഴിഞ്ഞുകൂടുന്നത്?

ഗോപി: എന്റെ ഈ നേത്ത ശരീരത്തിനു വിശ്രമിക്കുവാൻ ഈ ഇടുങ്ങിയ മുറി ധാരാളമാണ് സരോജം. പക്ഷേ, എന്റെ ഹൃദയത്തിനു വിശ്രമിക്കാൻ ഈ പ്രകൃതി മുഴുവനുമുണ്ടായാലും മതിയാകില്ല.

സരോ: ഞാനേറ്റവും വെറുക്കുന്ന വിഷയമാണ് ഫിലോസഫി. അതൊക്കെ കളയൂ. പനിയിപ്പോഴെത്രയുണ്ട്?

ഗോപി: ഇതാ തൊട്ടുനോക്കിക്കൊള്ളൂ. നീയൊരു നേഴ്സല്ലേ?

സരോ: തീപോലെ പനിക്കുന്നുണ്ടല്ലോ ഗോപി. ഡോക്ടറെന്തു പറഞ്ഞു?

ഗോപി: അറിയണമെന്നു നിർബ്ബന്ധമാണോ?

സരോ: അതെ.

ഗോപി: അദ്ദേഹം പറഞ്ഞു. ഡബ്ലിയു ന്യൂമോണിയാ ആണെന്നു.

സരോ: (നടുങ്ങിക്കൊണ്ട്) എന്റെ ഈശ്വരാ! ഡബ്ലിയു ന്യൂമോണിയായോ?

ഗോപി: അതൊന്നും സാരമില്ല സരോജം. നിന്റെ ആ കവിതക്കാരിയുടെ രോഗം ഇപ്പോഴെങ്ങനെയുണ്ട്?

സരോ: അവൾക്കെല്ലാം സുഖമായി. അവളിപ്പോൾ കാശ്മീരിനെപ്പറ്റി ഒരു കവിതയെഴുതുവാൻ പോകുകയാണത്രെ. പനിയെല്ലാം തീരെ വിട്ടു. പോഷകാംശമുള്ള ഭക്ഷണവും വിശ്രമവും മാത്രമേ അവൾക്കിനി ആവശ്യമുള്ളുവെന്നാണ് ഡോക്ടർ പറയുന്നത്.

ഗോപി: എങ്ങനെയാണ് അവളുടെ നില ഇത്ര പെട്ടന്ന് ഭേദപ്പെട്ടത്?

സരോ: അതൊരത്ഭുതമാണ് ഗോപി. അന്നു ഞാനൊരു ചെമ്പകച്ചെടിയെപ്പറ്റി പറഞ്ഞതോർക്കുന്നുണ്ടോ?

ഗോപി: എന്നിട്ട് അന്നുതന്നെ അവസാനത്തെ ഇല വീണോ?

സരോ: ഇല്ല. അന്നു രാത്രി മുഴുവൻ പത്മം ഉറങ്ങുകപോലുമുണ്ടായില്ല; മരണവും കാത്തു കിടന്നു. രാവിലെ എഴുന്നേറ്റുനോക്കിയപ്പോൾ ആ ചെടിയിലെ അവസാനത്തെ ഇല കൊഴിയാതെത്തണ്ടിൽ നില്പുണ്ടായിരുന്നു. അന്നു രാത്രി കാറ്റും മഴയുമെല്ലാമുണ്ടായിരുന്നിട്ടും അതു വീണില്ല. അന്നു തുടങ്ങി പത്മത്തിനു അവളുടെ മരണത്തിലുള്ള വിശ്വാസം കുറഞ്ഞു. എന്നിട്ടും ഇന്നലെ രാത്രിയെങ്കിലും ആ ഇല കൊഴിയാതിരിക്കില്ലെന്നായിരുന്നു അവളുടെ വിശ്വാസം. പക്ഷേ, ഇന്നു പുലർന്നപ്പോഴും ഇല കൊഴിയുകയുണ്ടായില്ല. അ

പ്പോഴാണ് പത്മത്തിനു് വലിയൊരു മാറ്റമുണ്ടായതു്. അവൾക്കു ജീവിതത്തിൽ പ്രതീക്ഷയുണ്ടാകാൻ തുടങ്ങി. ഇപ്പോൾ പനി തീരെ വിട്ടിട്ടുണ്ടു്. ഗോപി എന്താണു് ചിരിക്കുന്നതു്?

ഗോപി: ഒന്നുമില്ല സരോജം. മനസ്സും ശരീരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കുകയായിരുന്നു. (കഠിനമായി ചുമയ്ക്കുന്നു.)

സരോ: വല്ലാത്ത ചുമയുണ്ടല്ലൊ. ഡോക്ടറെന്തു പറഞ്ഞിട്ടാണു് പോയതു്?

ഗോപി: അയാളൊരു ഇൻജക്ഷൻ തന്നു. കൂടാതെ മറ്റു ചില കായ്ങ്ങളും പറഞ്ഞു.

സരോ: എന്താണദ്ദേഹം പറഞ്ഞതു്? ഞാനൊന്നു കേൾക്കട്ടെ.

ഗോപി: നീ അതറിയണ്ട സരോജം.....ഓ, നിന്നോടെന്തിനാണു് ഞാൻ മറച്ചുവക്കുന്നതു്. നീയൊഴിച്ചു് എനിക്കി ലോകത്തിലാരുമില്ല.

സരോ: പറയൂ ഗോപീ. എനിക്കതറിയാതെ സമാധാനമില്ല.

ഗോപി: ഞാൻ നിന്നോടു് തുറന്നു പറയുകയാണു്; എനിക്കീ രോഗത്തിൽനിന്നു് രക്ഷ കിട്ടുക എളുപ്പമല്ലെന്നാണു് അദ്ദേഹം പറയുന്നതു്.

സരോ: (ഉദ്വേഗപൂർവ്വം) ഗോപീ, ഞാനെന്താണീ കേൾക്കുന്നതു്?

ഗോപി: ഒരു കൊല്ലം മുൻപുതന്നെ എന്റെ ശ്വാസകോശത്തിൽ ക്ഷയരോഗാണുക്കൾ കടന്നുകൂടിയിട്ടുണ്ടത്രെ. അതുകൊണ്ടാണു്, സരോജം, രക്ഷകിട്ടാൻ വിഷമമാണെന്നു പറയുന്നതു്.

സരോജം: ഈശ്വരാ, ഇതു കേൾക്കാനാണോ ഞാനിങ്ങോട്ടു വന്നതു്?

ഗോപി: സരോജം, എനിക്കിനി മരിക്കാൻ മടിയില്ല. ഞാനെന്റെ മാസ്റ്റർപീസു് വരച്ചുകഴിഞ്ഞു.

സരോ: വരച്ചോ? എവിടെ? എനിക്കതെങ്കിലും കണ്ടാശ്വസിക്കാമല്ലൊ.

ഗോപി: നിന്റെ ആസ്പത്രിയിൽ മെഡിക്കൽവാർഡിന്റെ തൊട്ടടുത്തുള്ള ആ തോട്ടത്തിലുണ്ടു്. ആ വെള്ളയടിച്ച മതിലിന്മേലാണുള്ളതു്.

സരോ: അവിടെ പത്മത്തിന്റെ ചെമ്പകച്ചെടിയല്ലേ? എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലൊ.

ഗോപി: ആ ചെമ്പകച്ചെടിയുടെ കൊഴിയാത്ത ഇലയാണു് എന്റെ മാസ്റ്റർപീസു്.

സരോ: ഗോപി, എന്തൊക്കെയാണീ പറയുന്നതു്? എനിക്കൊരു തുമ്പും കിട്ടുന്നില്ലല്ലൊ.

ഗോപി: നിനക്കു മനസ്സിലാകുന്നില്ല, അല്ലെ? ആ ഉണങ്ങിയ ചെമ്പകച്ചെടിയുടെ കൊഴിയാത്ത ഇല കാറ്റുതിയാലും ഇളക്കമില്ലാതെ നില്ക്കുന്നതു നീ ശ്രദ്ധിച്ചിട്ടുണ്ടോ? അവിടെ യഥാർത്ഥത്തിൽ ഇലയൊന്നുമില്ല. ആ ചെടിയുടെ അവസാനത്തെ ഇല പത്മം പ്രതീക്ഷിച്ച രാത്രിതന്നെ വീണുപോയി. പക്ഷെ അതിന്റെ സ്ഥാനത്തുതന്നെ ഞാനൊരു ഇല വരച്ചു ചേർക്കുകയാണുണ്ടായതു്. അന്നു രാത്രി നമ്മൾ പിരിഞ്ഞതിനുശേഷം ഞാൻ നേരെപോയതു് നിന്റെ ആസ്പത്രിയിലെ തോട്ടത്തിലേക്കാണു്. അന്നു രാത്രി മുഴുവൻ ഉറക്കമൊഴിച്ചു് കൊഴിഞ്ഞുപോയ ഇലയുടെ സ്ഥാനത്തു്, ആ വെള്ളമതിലിന്മേൽ, ഞാനൊരു ഇല വരച്ചുവെച്ചു തീർത്തു. നല്ല മഴയും കാറ്റുമുണ്ടായിരുന്നു. ഒരു കുടയുടെ കീഴിൽ മെഴുകുതിരിയുടെ വെളിച്ചത്തിലാണു് ഞാനതു് വരച്ചുതീർത്തതു്. അന്നത്തെ തണുപ്പും ക്ഷീണവുമാണു് എനിക്കീ ന്യൂമോണിയ പിടിപെടാൻ കാരണം. .

സരോ: എന്റെ ഗോപീ, കാറ്റും മഴയുമുള്ളപ്പോൾ ഈ സാഹസത്തിനു പോകേണ്ടിയിരുന്നില്ലല്ലൊ

ഗോപി: പക്ഷെ, സരോജം ഇന്നെനിക്കു കൃതാർത്ഥതയോടെ മരിക്കാം. എന്റെ ജീവിതാഭിലാഷം സാധിച്ചുകഴിഞ്ഞു. ഒരു കവയത്രിയുടെ ജീവൻ രക്ഷിക്കാനും സാധിച്ചു. (ചുമക്കുന്നു) സംസാരിക്കാൻ വളരെ വിഷമം തോന്നുന്നു സരോജം. ഈ ജീവിതം അവസാനിക്കാൻ പോകുന്നു.....

സരോ: (പൊട്ടിക്കരഞ്ഞുകൊണ്ടു്) ഗോപീ, അങ്ങില്ലാതെ എനിക്കു ജീവിക്കാൻ സാദ്ധ്യമല്ല.

ഗോപി: (ചുമച്ചുകൊണ്ടു്) ചപലത കാണിക്കാതിരിക്കു സരോജം. നീ എന്നെ മറന്നേക്കു എന്നിട്ടു സുന്ദരനായ ഒരു ഭർത്താവുമൊരുമിച്ചു് സുഖമായി ജീവിക്കണം.

സരോ: ഭയമായി അങ്ങനെയൊന്നും പറയാതിരിക്കു.

ഗോപി: സരോജം, ഇരുട്ടായിത്തുടങ്ങി. നീ വീട്ടിലേക്കു പോയ്ക്കൊള്ളു.

സരോ: അതെനിക്കു കഴിയില്ല ഗോപി.....കഴിയില്ല.....കഴിയില്ല (പൊട്ടിക്കരയുന്നു) ഗോപി.....

(സരോജത്തിന്റെ തേങ്ങലുകൾ മാത്രം കുറെ സമയത്തേക്കു കേട്ടുകൊണ്ടിരിക്കുന്നു.)

A. I. R. ന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഇൻറർ കോളേജിയേറ്റ് റേഡിയോനാടക മത്സരത്തിൽ സമ്മാനാർഹമായതു്.

A. I. R. ന്റെ അനുവാദത്തോടുകൂടി.

ശൈശവസ്മരണ

കെ. പി. പ്രഭാകരൻ, III B. Sc.

ഓർക്കുകയാണു ഞാ,നന്നു നീയോമലേ,
തീർത്തിതെൻ മുന്നിലൊരാനന്ദഗോപുരം.
നിൻപ്രിയസഖ്യമെനിക്കേകി വാടാത്ത
പൊൻപൂക്കൾ തിങ്ങുന്നൊരാശൈശവാടിക!
പിച്ചവെച്ചപ്പോൾ തുടങ്ങിയാ മായാത്ത
വാത്സല്യാർദ്രാനുബന്ധത്തിൻറെ നൻമനം.


ഓർക്കുകയാണു ഞാ,നോമലേ, നീ തീർത്ത
മൂർത്തസുഖത്തിൻറെയാസ്വർഗ്ഗമേഖല!
താരിലും, താരകാരാജിതരാത്രിയി-
ലാരെയും നോക്കിച്ചിരിക്കും ശശിയിലും;
നിശ്ചയം ദർശിച്ചിതന്നു ഞാൻ നീ ചേർത്ത
നിസ്തുലപ്രേമോപഹാരങ്ങൾ പാവനം.
പാട്ടും പറവയും പാറയും വല്ലിയും
കാട്ടും മരതകപ്പച്ചനെൽപ്പാടവും,
നിൻപ്രേമസായൂജ്യസുന്ദരസ്വപ്നമാ-
യെൻമുന്നിൽ സംഗീതനർത്തനം ചെയ്യവേ,
ശൈശവമേ, തവ ദിവ്യസാന്നിദ്ധ്യമൊ-
രസ്സരോലോകം ചമച്ചിതെൻ മൂഢവും!

ഇവൻ എനിക്കുള്ളവനോ അന്യനോ? എന്ന പരിഗണന അല്പബുദ്ധികളുടെ ലക്ഷണം; ഉദാരഹൃദയന്മാർക്ക് ലോകമേ തറവാട്.


—ഹിതോപദേശം

വിദ്യാഭ്യാസവും സ്വാതന്ത്ര്യവും കൂടാതെ—മനുഷ്യവർഗ്ഗത്തിന് മണ്ണും വെയിലുമാണവ—യാതൊരു പരിഷ്കാരവും സാദ്ധ്യമല്ല.


—ജോസ് റിസാൽ




Fine Arts Club



Cast of the English One Act Play staged on the College Day



Social Service League— Malayalam Drama "നഷ്ടക്കച്ചവടം"



Malayalam Drama staged on the College Day

കാവ്യോത്സവം

(ഒരു സിംഹാവലോകനം)

കെ. എൻ.

ഇക്കൊല്ലം ഇടംപ്രഥമമായി ആഘോഷിച്ച കാവ്യോത്സവം വേഗിരികോളേജിന്റെ ചരിത്രത്തിൽ ഒരു സുവർണ്ണാദ്ധ്യായത്തിന്റെ ആരംഭം കുറിയ്ക്കുന്നു എന്നു പറഞ്ഞാൽ തെല്ലും അതിശയോക്തിയാവില്ല. കാട പിടിച്ചു കിടന്നിരുന്നൊരു സ്ഥലത്തു അടുത്ത കാലത്തായി മുളച്ചുപൊന്തിയ കലാശാലാകല്പലത, അതിന്റെ ഹൃദയഹാരിയായ സാംസ്കാരികസൗരഭം എമ്പാടും പരത്തിയത് ഈ കാവ്യോത്സവത്തിന്റെ വസന്തോദയത്തിലായിരുന്നു. "മാതൃഭൂമി"ലേഖകൻ ചിത്രീകരിച്ചതുപോലെ, "ഭാഷാസാഹിത്യത്തിൽ ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന മൂന്നു മഹാകവികളുടെ—ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്നിവരുടെ—കാവ്യജീവിതത്തിന്റെ സമഗ്രഭാഗങ്ങളെയും സ്പർശിച്ചുകൊണ്ടുള്ള ഒരു ചർച്ചാപരിപാടി സംഘടിപ്പിക്കാൻ കഴിഞ്ഞു" എന്നതാണ് കാവ്യോത്സവത്തിന്റെ നേട്ടം.

വേഗിരി സെൻറ് ജോസഫ് കോളേജിലെ ഭാഷാസമാജത്തിന്റെ ആഭിമുഖ്യത്തിൽ, 1959 നവമ്പർ 26, 27 തീയതികളിൽ, മൂന്നു സമ്മേളനങ്ങളായാണ് കാവ്യോത്സവം ആഘോഷിച്ചത്. മഹാകവി ഉള്ളൂരിന്റെ ചരമശതവാർഷികത്തെ മാനിച്ചുകൊണ്ട് ഒന്നാം സമ്മേളനം ഉള്ളൂർസ്സാഹിത്യത്തിന്റെ പഠനത്തിനു വിനിയോഗിച്ചു.

ഉള്ളൂർസ്സാഹിത്യം

സദസ്യർക്ക് സ്വാഗതമരുളിക്കൊണ്ട് ഭാഷാസമാജാദ്ധ്യക്ഷൻ ശ്രീ. വി. ഏ. കേശവൻ നമ്പൂതിരി ചെയ്ത പ്രസംഗത്തിൽ ഉള്ളൂർ കവി, ഗവേഷകൻ, വിമർശകൻ, പണ്ഡിതൻ എന്നീ നിലയിലെല്ലാം മലയാള ഭാഷയ്ക്ക് ചെയ്ത മഹത്തായ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട്, അദ്ദേഹത്തിനു ഉചിതമായൊരു സ്മാരകം നിർമ്മിയ്ക്കേണ്ടതാണെന്ന് ഊന്നിപ്പറഞ്ഞു.

ശ്രീ: കുട്ടികൃഷ്ണമാരാരാണ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത്. "കവിതയുടെ ഭാവി"യെപ്പറ്റിയുള്ള 'സിമ്പോസിയ'ത്തിലൂടെ, കവിതയ്ക്ക് ഒരു തരത്തിലുള്ള വിലയിടിവ് സംഭവിച്ചുകൊണ്ടിരിക്കയാണെന്ന് വരുത്തിത്തീർക്കാനുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിൽ അദ്ദേഹം പരിതപിച്ചു. വാസ്തവത്തിൽ ഇവിടെ കവിതയ്ക്ക് ഒരു വിലയിടിവ് ഉണ്ടായിട്ടില്ല. കവിതയല്ലാത്ത പലതും ഇഷ്ടപ്പെടുന്ന ആളുകൾ ഏറിയേറി വരുന്നുണ്ടെന്നതു നേരുതന്നെ. എങ്കിലും, കവിതയിൽ താല്പര്യമുള്ളവർ ഇപ്പോഴും വായിച്ചും രസിച്ചും പോരുന്നുണ്ട്. കാവ്യാസ്വാദകർ എന്നും ന്യൂനപക്ഷമായിരിക്കാനേ വഴിയുള്ളൂ. ഏതായാലും ഇത്തരം കാവ്യോത്സവങ്ങളും കവിതാപാരായണത്തിലുള്ള അഭിരുചി വളർത്തുവാൻ സഹായിക്കും. മഹാകവികളുടെ മഹത്ത്വം മനസ്സിലാക്കാനുള്ള ഉപാധി തികഞ്ഞ ശ്രദ്ധയോടുകൂടി അവരുടെ കവിതകളും പാരായണം ചെയ്യുക എന്നതു മാത്രമാണ്. കൃഷി ചെയ്യാൻ വയൽ ഉഴുതു ശരിപ്പെടുത്തുന്നതുപോലെ കവിതയെ ഉൾക്കൊള്ളുവാൻ മനസ്സിനെ പാകപ്പെടുത്തേണ്ടതുണ്ട്. അതിനു ബോധപൂർവ്വമായ പരിശ്രമം, അഭ്യാസം, അത്യാവശ്യമാണു താനും.

കവിതാപാരായണത്തിൽ താൽപര്യം വളർത്താനുള്ള സാഹചര്യങ്ങൾ പണ്ടത്തെപ്പോലെ ഇന്നില്ല എന്നും മാർ പ്രസ്താവിച്ചു. പണ്ട് എല്ലാവരും സന്ധ്യയ്ക്ക് പ്രാർത്ഥനാപദ്യങ്ങൾ ചൊല്ലാറുണ്ടായിരുന്നു. സാന്ധ്യഗീതങ്ങളിലൂടെ കവിതാസ്വാദനത്തിനുള്ള കളമൊരുക്കുകയാണ് പൂർവ്വികർ ചെയ്തിരുന്നത്. അതുപോലെ എഴുത്തച്ഛന്റെയും വെശ്രീയുടേയും മറ്റും കൃതികൾ പതിവായി വായിക്കുകയും പഠിക്കുകയും ചെയ്യുകയെന്നത് അന്നു ഒരു സാധാരണസമ്പ്രദായമായിരുന്നു. എന്നാൽ ഇന്നു ആ സമ്പ്രദായമെല്ലാം മൺമറഞ്ഞുപോയിക്കൊണ്ടിരിക്കയാണ്. പാഠപുസ്തകങ്ങളിൽ പ്രത്യക്ഷപ്പെടുന്ന, തലയും വാലുമില്ലാത്ത ഏതാനും ലഘുകവിതകളും മാത്രമാണ് ഇന്നു കുട്ടികളിൽ കാവ്യപാരായണകൌതുകം വളർത്തുവാൻ അവശേഷിച്ചിട്ടുള്ളത്.

മഹാകവി ഉള്ളൂരിന്റെ ഉജ്ജ്വലമായ വ്യക്തിത്വത്തെ മാരാർ എടുത്തുകാട്ടി. ഉള്ളൂരിന്റെ കവിത പരുക്കനാണെന്നും പാണ്ഡിത്യനിർഭരമാണെന്നും ആക്ഷേപിക്കപ്പെടാറുണ്ട്. അതെന്തുമാവട്ടെ; ആയുഷ്കാലം

മുഴുവൻ കാവ്യസിദ്ധിയ്ക്കുവേണ്ടി ഉഴിഞ്ഞുവെക്കപ്പെട്ടതായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെന്ന് നാം സ്മരിക്കേണ്ടിയിരിക്കുന്നു. കവിത എഴുതിത്തുടങ്ങിയ നാൾ മുതൽ ഒരടിപോലും പിന്നോട്ടുവെക്കാതെ അദ്ദേഹം നിരന്തരമായി സാഹിത്യസേവനം നടത്തിപ്പോന്നിരുന്നു എന്നത് വലിയൊരു കാര്യമാണ്. ത്യാഗോജ്ജ്വലമായ ആ ജീവിതം അഭികാമ്യവും അനുകരണീയവുമാണെന്നും ശ്രീ. കുട്ടികൃഷ്ണമാരാർ ഉദ്ബോധിപ്പിച്ചു.

ഉള്ളൂരിന്റെ കാവ്യശില്പം

കാവ്യപാരായണതൽപരനായ ഉള്ളൂരിന്ന് കാവ്യോത്സവത്തിൽ ഒന്നാംസ്ഥാനം നല്കിയത് സമുചിതമായിട്ടുണ്ടെന്ന് സമർത്ഥിച്ചുകൊണ്ടാണ് ശ്രീ. കെ. പി. നാരായണപ്പിഷാരടി തന്റെ പ്രഗത്ഭമായ പ്രസംഗം ആരംഭിച്ചത്. മലയാളത്തിലെ ത്രിമൂർത്തികളായ മഹാകവികളെ താരതമ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം ഉള്ളൂരിന്റെ കാവ്യശില്പത്തിലുള്ള സവിശേഷതകളെ വ്യക്തമാക്കി. ഭാഷാസാഹിത്യോദ്യാനത്തിൽ ആശാന്റെ കവിത ചന്ദനവൃക്ഷമാണെങ്കിൽ, വള്ളത്തോളിന്റേത് തേന്മാവാണ്. എന്നാൽ ഉള്ളൂരിന്റെ കവിതയാവട്ടെ വിചിത്രമായ ഒരു വൃക്ഷംപോലെയാണ്. വേണമെങ്കിൽ അത് തെങ്ങായി മുളച്ച്, അശോകത്തിന്റെ ശാഖകളായി പടർന്നു പന്തലിച്ചു എന്നു പറയാം. ചന്ദനവൃക്ഷത്തിൽനിന്നു നമുക്ക് സാന്ദ്രികപരിമളവും ശീതളതയും ലഭിയ്ക്കുമ്പോൾ തേന്മാവിൽനിന്ന് രസമൂറുന്ന, മധുരമധുരമായ മാമ്പഴം കിട്ടുന്നു. എന്നാൽ ഉള്ളൂർക്കവിതയുടെ വൃക്ഷത്തിൽ കാണുന്ന ഫലങ്ങളെന്താണ്? അവിടെ ഇളനീരും മാമ്പഴവും പൈനാപ്പിളുമെല്ലാം ഒപ്പം തൂങ്ങിനില്ക്കുന്നതായികാണാം. ചുരുക്കത്തിൽ ഉള്ളൂർക്കവിത മിശ്രസ്വഭാവത്തോടുകൂടിയതാണ്.

ജന്മസിദ്ധമായ വാസനയും ലോകപരിചയവും ഗ്രന്ഥപരിജ്ഞാനവും എല്ലാം കൂടിച്ചേർന്നാലേ നല്ല കൃതികളുണ്ടാകൂ. ഈ ഗുണങ്ങളും ഓരോ വ്യക്തിയിലും ഏറിയും കുറഞ്ഞും കണ്ടെന്നുവരാം. വള്ളത്തോളിൽ വാസനയും ആശാനിൽ ജ്ഞാനവുമാണ് മുന്നിട്ടുനില്ക്കുന്നതെങ്കിൽ, ഉള്ളൂരിൽ അക്ഷീണമായ പരിശ്രമമാണ് പുഷ്ടിപ്പെടുകാണുന്നത്. ഭാഗ്യംകൊണ്ടു സിദ്ധിച്ച ജന്മവാസനയെ ഉള്ളൂർ പ്രയത്നംകൊണ്ട് സംശുദ്ധവും സമ്പന്നവുമാക്കി.

ഉള്ളൂർക്കവിതയിലെ ജീവിതസന്ദേശം

മഹാകവി ഉള്ളൂർ പവിത്രമായ തന്റെ ജീവിതത്തിലൂടെയും ബൃഹത്തായ കാവ്യപ്രപഞ്ചത്തിലൂടെയും ഒരേ സന്ദേശമാണ് നല്കിയിട്ടുള്ളതെന്ന് ശ്രീ. പി. സി. ഏട്ടനുണ്ണിരാജ പ്രസ്താവിച്ചു. 'പരോപകാരമേ പുണ്യം' എന്നതാണ് ആ സന്ദേശം. മഹാഭാരതകർത്താവായ വ്യാസന്റെ കാൽനഖേന്ദുമരീചികളെ പിൻതുടർന്ന് ഉള്ളൂർ,

'പരോപകാരഃ പുണ്യായ
പാപായ പരപീഡനം' എന്ന സൂക്തിയ്ക്ക് വ്യാഖ്യാനമെഴുതി എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. പരിശ്രമത്തിന്റെ പര്യായമായിരുന്ന ഉള്ളൂരിന്റെ ജീവിതം. അരപതുകൊല്ലത്തെ അക്ഷീണയത്നംകൊണ്ട് അദ്ദേഹം കൈരളിയ്ക്ക് അനർഘമായ രത്നങ്ങളും കാഴ്ചവെച്ചു. ആദർശവിശുദ്ധിയെ മുൻനിർത്തി നോക്കുകയാണെങ്കിൽ പിംഗളയും കണ്ണകിയും ഭക്തിദീപികയുമാണ് ഉള്ളൂരിന്റെ വിശിഷ്ടകൃതികളും. ഭക്തിദീപിക ഉള്ളൂർക്കൃതികളുടെ വിജയവൈജയന്തിയായി പരിശോഭിയ്ക്കുന്നു.

ഭാഷാസമാജം കാര്യദർശി ശ്രീ: കെ. പി. പ്രഭാകരന്റെ കൃതജ്ഞതാപ്രകാശനത്തോടെ ഒന്നാം സമ്മേളനം അവസാനിച്ചു.

ആശാൻസാഹിത്യം

രണ്ടാംസമ്മേളനത്തിൽ മഹാകവി കുമാരനാശാന്റെ കൃതികളുടെ ചർച്ചയാണ് നടന്നത്. ഈ യോഗത്തിൽ ശ്രീമതി നാലപ്പാട്ട് ബാലാമണിയമ്മ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. മാത്യു ചാക്കോ സ്വാഗതപ്രസംഗംചെയ്തു. മഹാകവി കുമാരനാശാന്റെ പ്രതിഭ ഒരു ദീപത്തിനൊപ്പം പ്രകാശമരുളിക്കൊണ്ട് മലയാളസാഹിത്യത്തിൽ എന്നെന്നും പ്രശോഭിക്കുമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

അദ്ധ്യക്ഷപ്രഭാഷണത്തിൽ ശ്രീമതി നാലപ്പാട്ട് ബാലാമണിയമ്മ, ഉറച്ച ഒരു ജീവിതതത്ത്വദർശനമാണ് കുമാരനാശാന്റെ കൃതികളുടെ പ്രത്യേകത എന്ന് അഭിപ്രായപ്പെട്ടു. വളരെ കുറച്ചുകാലംകൊണ്ടുതന്നെ രൂപത്തിലും ഭാവത്തിലും പക്വത നേടുന്നതിന് ആശാന് കഴിഞ്ഞു. ശ്രീനാരായണഗുരുവുമായുള്ള സമ്പർക്കം ആശാനിലുള്ള തത്ത്വദർശകനെ എളുപ്പത്തിൽ വളർത്തിയെടുത്തു എന്ന് പറയാം. അതിനും പുറമെ ആഷ്ടതത്ത്വങ്ങളും ബൌദ്ധസിദ്ധാന്തങ്ങളും ആശാനിൽ സ്വാധീനത ചെലുത്തിയിട്ടുണ്ട്. ശോകാത്മകതയും അദ്ദേഹത്തിന്റെ കൃതികളുടെ സവിശേഷതതന്നെ. പക്ഷേ ആ ശോകാത്മകത കർമ്മവൈമുഖ്യം ഉളവാക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

മനുഷ്യസ്നേഹമാണ് ആശാന്റെ തത്വദർശനങ്ങളുടെ കേന്ദ്രബിന്ദുവെന്നും ബാലാമണിയമ്മ പ്രസ്താവിച്ചു. വിലങ്ങടിച്ചുനില്ക്കുന്ന മാമൂലുകളെ ആശാൻ എതിർത്തിട്ടുണ്ട്; പ്രേമത്തിന്റെ ഉൽക്കൃഷ്ടതയെ പ്രകീർത്തിച്ചിട്ടുമുണ്ട്. എങ്കിലും പ്രേമഗായകനെന്നോ വിപ്ലവകവി എന്നോ പറയുന്നതിനേക്കാൾ ആത്മീയതയുടെ കവി എന്ന് അദ്ദേഹത്തെ വിളിക്കുവാനാണ് താൻ ഇഷ്ടപ്പെടുക. പ്രേമത്തെ മനുഷ്യന്റെ പരമലക്ഷ്യത്തിലേക്കുള്ള നേർവഴിയായിട്ടല്ലാതെ ആശാൻ കണക്കാക്കിയിട്ടില്ല.

നവംനവമായ സൗന്ദര്യബോധം തുളുമ്പുന്നതാണ് ആശാന്റെ കവിതയെന്നും, അത് പാരായണം ചെയ്യുമ്പോൾ ഒരു പുണ്യതീർത്ഥത്തിൽ സ്നാനം ചെയ്താലുള്ള ആത്മീയനിർവൃതി അനുഭവപ്പെടുമെന്നും ബാലാമണിയമ്മ വെളിപ്പെടുത്തി.

ആശാനും മലയാളകവിതയിലെ നവോത്ഥാനവും

ആശാൻ സാഹിത്യത്തിലെ നവോത്ഥാനത്തിന്റെ കവിയാണെന്നു പറയുന്നത് പൂർണ്ണമായും ശരിയല്ലെങ്കിലും അദ്ദേഹം ഒരു പുനരുജ്ജീവനത്തെ കുറിക്കുന്ന കവിയാണെന്ന് ശ്രീ. എം. വി. ദേവൻ തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു. നമ്മുടെ സാഹിത്യത്തിലേക്ക് ചില പുതിയ കാഴ്ചപ്പാടുകൾ കൊണ്ടുവരാൻ ആശാൻ ശ്രമിച്ചിട്ടുണ്ട്. പുതിയ കലാരൂപങ്ങളെ ബോധപൂർവ്വം അവലംബിക്കുകയാണ് ഉൽക്കൃഷ്ടനായ കലാകാരന്റെ പ്രധാന ചുമതല എങ്കിൽ, ആശാൻ അത് നിർവ്വഹിച്ചിട്ടുണ്ട്. കേരളത്തിനു പുറമെയുള്ള താമസക്കാലത്താണ് അദ്ദേഹത്തിന്റെ പുതിയ വിചാരധാര ഉളവായത്. ആശാന്റെ കവിത, ഭാഗികമായി, ബൌദ്ധസംസ്കാരത്തിന്റെ പുനഃപ്രകാശനമാണ് എന്ന് പറയാം.

ശിശുസഹജമായ നൈർമ്മല്യം ഒരു കലാകാരന് ആവശ്യമാണ്. വസ്തുശില്പത്തിൽ കലയുടെ ശുദ്ധമായ രൂപം കാണാൻ സാധിയ്ക്കും. ഈ ശുദ്ധരൂപം വ്യക്തമാക്കാനുള്ള കഴിവ് കലാകാരനുണ്ടായിരിക്കണം. പ്രപഞ്ചം 'പ്രതിജനഭിന്നവിചിത്രമാർഗ്ഗ'മാണ് എന്നതുകൊണ്ട് കലാകാരന്റെ രചനയും വ്യക്തിത്വമുള്ളതായിരിക്കേണ്ടതാണ്. ഈ സവിശേഷവ്യക്തിത്വം ആശാന്റെ കൃതികളിൽ വേണ്ടുവോളമുണ്ട്.

ആശാൻ വിഷാദാത്മകനാണെന്നും മറ്റും പറയാറുണ്ട്. എന്നാൽ, പ്രധാനമായി മനുഷ്യനെക്കുറിച്ചുള്ള ബോധവും അവന്റെ പുരോഗതിയ്ക്കുള്ള വെമ്പലുമാണ് ആശാന്റെ കവിതകളിൽ സ്പന്ദിയ്ക്കുന്നത്. അദ്ദേഹത്തിന്റെ കൃതികളുടെയെല്ലാം പ്രമേയം വാസ്തവത്തിൽ പ്രേമമല്ല. മനുഷ്യന്റെ സ്വാതന്ത്ര്യം, അഥവാ മോക്ഷം, ആണ് കവിയുടെ ലക്ഷ്യം.

'സ്വാതന്ത്ര്യം തന്നെയമൃതം,
സ്വാതന്ത്ര്യം തന്നെ ജീവിതം'—ഈ സന്ദേശമാണ് ആശാൻ എല്ലാ കൃതികളിലൂടെയും നല്കുന്നത്.

ആശാൻ വിഷാദാത്മകകവിയോ?

ആശാൻ വിഷാദാത്മകകവിയല്ല എന്ന് ശ്രീ. ഏ. ബാലകൃഷ്ണവാരിയർ തന്റെ പ്രഭാഷണത്തിൽ ധാരാളം ഉദാഹരണങ്ങളംകൊണ്ട് സമർത്ഥിച്ചു. ചുറ്റുപാടുമുള്ള പ്രപഞ്ചത്തിന്റെ ക്ഷണികതയെപ്പറ്റിയുള്ള വേദന കവിയ്ക്കുണ്ടായിരുന്നിരിയ്ക്കാമെങ്കിലും, ആശാന്റെ കൃതികളിലെ സമുലഭാവം വിഷാദാത്മകതയാണെന്ന് പറയുന്നതു ശരിയല്ല.

ലോകത്തിൽ മിക്ക ചിന്തകന്മാരും വിഷാദാത്മകരല്ല. വൈകാരികമണ്ഡലത്തിൽ വിഹരിയ്ക്കുന്ന കവികളിൽ വിഷാദം അല്പം കണ്ടുവെന്നു വരാം. യാഥാർത്ഥ്യമാലോചിച്ചാൽ, പ്രസാദാത്മകരായ കവികളിൽപ്പോലും ചിലപ്പോഴും വിഷാദത്തിന്റെ കരി പുരണ്ടിരിക്കുന്നതായി കാണുന്നില്ലേ?

'ഒരല്ലലില്ലെങ്കിലെനിക്കു കല്പാ—
യിരിക്കുവാനാണിനിമേലിലിഷ്ടം' എന്ന് കണ്ണീർതുകിയ കുറിപ്പുറം പ്രസാദാത്മകനായിരുന്നു എന്ന് നമുക്ക് അറിയാം.

മനുഷ്യജീവിതപുരോഗതിയിൽ വിശ്വസിയ്ക്കുന്നവരെ വിഷാദാത്മകരെന്ന് ആക്ഷേപിക്കുന്നത് ശരിയല്ല. വിഷാദംപോലെയുള്ള വികാരം ക്ഷണികമായ ഒരു ഭാവമാണ്. അതിനെ സഞ്ചാരിഭാവമായിട്ടേ ആലങ്കാരികന്മാർ ഗണിച്ചിട്ടുള്ളൂ. അങ്ങിനെയിരിക്കെ, വല്ല വരികളിലും വിഷാദം നിഴൽവീശിയിട്ടുണ്ടെന്നു വെച്ച് കവിയെ വിഷാദാത്മകനെന്ന് മുദ്രകുത്തുന്നത് ശരിയാണോ?

ആശാന്റെ കൃതികളിൽ തത്വചിന്തയുണ്ട്, ശരിതന്നെ. ആഷ്ടോരത്തിലെ ഉന്നതമായ ദാർശനികതത്വത്തിന്റെ അന്തരീക്ഷത്തിൽ വളർന്ന ഒരു കവിയിൽ തത്വചിന്ത കാണുന്നതു അത്ഭുതമല്ല. ചുക്കിച്ചുളിഞ്ഞ തത്വചിന്തയ്ക്ക് മനുഷ്യനെ ആശ്വസിപ്പിയ്ക്കാൻ കഴിവില്ലെന്ന് കവിയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്. അപ്പോഴാണ് 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന സന്ദേശത്തിന്റെ വെണ്ണിക്കോടിയുമായി അദ്ദേഹം നമ്മെ സമീ

പിച്ചത്. ലീലയുടെ ചിത്രണത്തിലൂടെ 'ദുഃഖമിഹ മാംസനിബദ്ധമല്ല രാഗം' എന്ന് അദ്ദേഹം തെളിയിച്ചു. ഒടുവിൽ 'സ്നേഹത്തെക്കരുതി സ്വയം കഴികിൽ ന്യായവുത്തി ചത്തീടുവിൻ' എന്ന് പറയാനുള്ള നെട്ടെല്ലും അദ്ദേഹത്തിനു കൈവന്നിട്ടുണ്ട്. ജി. ശങ്കരക്കുറുപ്പ് പ്രസ്താവിച്ചപോലെ, 'ആശാന്റെ കവിതയ്ക്ക് വെടിപ്പും ഭംഗിയും നല്കിയിട്ടുള്ളത് സ്നേഹമാണെന്നത് ഒരു സത്യമത്രെ.

ആശാൻ ഒരിക്കലും വിഷാദാത്മകനായിരുന്നില്ല. പിന്നെ, എങ്ങനെ അത്തരം ഒരാക്ഷേപം ഉണ്ടായി? ജാതിമദാന്ധ്യം മൂത്ത അന്നത്തെ പശ്ചാത്തലത്തിൽവെച്ച്,

'എന്തിനു ഭാരതധരേ, കരയുന്നു, പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ!' എന്ന് വേദനയോടെ ആശാൻ പറഞ്ഞു പോയപ്പോഴും, അദ്ദേഹം വിഷാദാത്മകനാണെന്ന് നമ്മുടെ ചില നിരൂപകന്മാർ തെറ്റിദ്ധരിച്ചുപോയി എന്നതാണ് വാസ്തവം.

ശ്രീ. കെ. പി. ലക്ഷ്മണൻ ഈ സമ്മേളനത്തിൽ നന്ദിപ്രകടനം നടത്തി.

വള്ളത്തോൾസ്സാഹിത്യം

ശ്രീ. സി. എച്ച്. കുഞ്ഞപ്പയുടെ അദ്ധ്യക്ഷതയിൽ മേന്മ മൂന്നാം സമ്മേളനം വള്ളത്തോൾക്കൃതികളുടെ സവിശേഷതകൾ തെളിയിച്ചു. ശ്രീ. തകടിയേൽ ദേവസ്യ ചെയ്ത ഫലിതസരസമായ സ്വാഗതപ്രസംഗത്തിൽ, വള്ളത്തോളിന്റെ കവിത വളരെയധികം കൊല്ലങ്ങൾക്കു മുമ്പെതന്നെ തന്നിൽ സ്വാധീനത ചെലുത്തിയിട്ടുണ്ടെന്നും, സ്വാനുഭവത്തെ അടിസ്ഥാനപ്പെടുത്തി പറയുകയാണെങ്കിൽ ഏതു സഹൃദയനിലും കവിതാവാസന വളർത്താനുള്ള കഴിവ് മഹാകവിയുടെ വരികൾക്കുണ്ടെന്നും പ്രസ്താവിച്ചു.

വള്ളത്തോളിന്റെ അനുക്രമമായ വളർച്ചയെ സ്മരിച്ചുകൊണ്ടുള്ളതായിരുന്നു ശ്രീ. സി. എച്ച്. കുഞ്ഞപ്പയുടെ അദ്ധ്യക്ഷഭാഷണം. യുവകവിയായിരുന്ന വള്ളത്തോളിനെ ആക്ഷേപിച്ചുകൊണ്ട് ഒരു കവിത പ്രസിദ്ധപ്പെടുത്തിയെന്നതിനാൽ മാത്രം 'കവനകൗമുദി' മാസിക തുടർന്നുനടത്താൻ സാധിക്കാത്ത പരിതഃസ്ഥിതി സംജാതമായിട്ടുണ്ടെങ്കിൽ, അക്കാലത്തുതന്നെ വള്ളത്തോൾ ജനഹൃദയങ്ങളിൽ ലബ്ധപ്രതിഷ്ഠനായിരുന്നു എന്നത് വ്യക്തമല്ലേ എന്ന് അദ്ദേഹം ചോദിച്ചു. വള്ളത്തോളിന്റെ കാവ്യരചനയിൽ പല കാലഘട്ടങ്ങളും സ്പഷ്ടമായി കാണാം. ചിത്രയോഗവും ഋതുവിലാസവും നാഗിലയും എഴുതിയ വള്ളത്തോൾ ഒന്നുവേറെ, സാഹിത്യമഞ്ജരികളുടെ വിധാതാവായ വള്ളത്തോൾ ഒന്നുവേറെ. അദ്ദേഹത്തിന്റെ കൃതികളിൽ ശയ്യാഭംഗിയും രചനാസൗഷ്ഠവവും ക്രമത്തിൽ വളർന്നുവന്നിട്ടുണ്ട്. പദപ്രയോഗത്തിലുള്ള സവിശേഷശ്രദ്ധ ഇത്രമാത്രം മറ്റു കവികൾക്കുണ്ടോ എന്ന് സംശയമാണ്.

വള്ളത്തോൾക്കവിതയുടെ വ്യക്തിമുദ്രകൾ എന്ന നിലയ്ക്ക് രണ്ടു സംഗതികൾ പ്രത്യേകം എടുത്തുപറയേണ്ടതായുണ്ട്. ഒന്നാമതായി, സ്വന്തം അനുഭൂതികൾ അനുവാചകനിൽ പകർത്താൻ അദ്ദേഹത്തിന് അനന്യസാധാരണമായ വൈഭവമുണ്ട്. പിന്നെ, സാമൂഹ്യവും രാഷ്ട്രീയവുമായ ആശയങ്ങൾ കവിതയിൽ സമഞ്ജസമായി ഇണക്കിക്കോർക്കാൻ അദ്ദേഹത്തിനു സാധിച്ചിരിയ്ക്കുന്നു.

ഒരു കവി എന്നതിനു പുറമെ കഥകളിയുടെ സമുദ്ധാരകൻ എന്ന നിലയിലും വള്ളത്തോൾ ചെയ്ത സേവനങ്ങളെ നാം വിസ്മരിക്കരുതെന്ന് അദ്ധ്യക്ഷൻ ഓർമ്മിപ്പിച്ചു.

വള്ളത്തോളിന്റെ ദേശീയത

ഒരു ദേശീയകവി എന്ന നിലയിൽ വള്ളത്തോളിനു മലയാളസാഹിത്യത്തിൽ അത്യുന്നതമായ സ്ഥാനമുണ്ടെന്നും, എന്നാൽ വള്ളത്തോൾക്കൃതികളുടെ പ്രധാനമായ ഗുണം ദേശീയതയാണെന്ന് പറയുന്നത് ശരിയായിരിക്കയില്ലെന്നും ശ്രീ. വി. വിജയൻ തന്റെ പ്രഭാഷണത്തിൽ പ്രഖ്യാപിച്ചു.

നമ്മുടെ കവിത്രയത്തിൽ വള്ളത്തോളിനുള്ള പ്രത്യേകത അദ്ദേഹം ജീവിതത്തിന്റെ വിശാലമണ്ഡലത്തിലേയ്ക്ക് ശ്രദ്ധ തിരിച്ചു എന്നതാണ്. ഈ ഗുണം മറ്റു രണ്ടു കവികളിലും അത്ര പ്രകടമല്ല. വിപുലമായ വീക്ഷണം നിമിത്തം ജീവിതത്തിന്റെ വൈവിദ്ധ്യം നിറഞ്ഞ ചിത്രങ്ങൾ വരച്ചുകാട്ടുവാൻ വള്ളത്തോളിനു കഴിഞ്ഞിട്ടുണ്ട്. വിശാലമായ ഈ സമീപനമാണ് അദ്ദേഹത്തിൽ ദേശീയബോധം വികസിപ്പിച്ചത്.

വള്ളത്തോളിന്റെ ദേശീയകവിതകളെ രണ്ടായി വിഭജിയ്ക്കാം. ചിലതിൽ വാച്യമായും ചിലതിൽ വ്യംഗ്യമായും അദ്ദേഹം ദേശപ്രേമം വ്യക്തമാക്കിയിരിക്കുന്നു. 'എന്റെ ഗുരുനാഥൻ' ആദ്യത്തെ തരത്തിലുള്ള കൃതികൾക്ക് ഉത്തമോദാഹരണമത്രെ. ആ കവിത ഗാന്ധിജിയോടുള്ള ഭക്തിയുടെ വർണ്ണനം മാത്രമല്ല, സ്വദേശാഭിമാനത്തിന്റെ പ്രതീകം കൂടിയാണ്. വ്യംഗ്യഭംഗിയിൽ പല കൃതികളിലും വള്ളത്തോൾ ദേശസ്നേഹത്തെ

ചിത്രീകരിച്ചിട്ടുണ്ട്. പൌരാണികകഥകളെ ആസ്പദിച്ചുള്ള 'ശിഷ്യനും മകനും,' 'കമ്മട്ടഭൂമിയുടെ പിഞ്ചുകാൽ' മുതലായ കൃതികളിലും കല്പിതകഥകളായ 'കൊച്ചുസീത' തുടങ്ങിയ കൃതികളിലും ഒരുപോലെ ഈ ദേശീയ ബോധം അലയടിയ്ക്കുന്നുണ്ട്.

എന്നാൽ വള്ളത്തോളിന്റെ ദേശീയകവിതകളെക്കുറിച്ച് ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമായിട്ടുണ്ട്. അവ മറ്റു ചില കവികളുടേതുപോലെ വൃത്തത്തിൽ പൊതിഞ്ഞ രാഷ്ട്രീയമുദ്രാവാക്യങ്ങളല്ല; പിന്നെയോ, ദേശീയബോധത്തിന്റെ കലാസുഗമമായ ആവിഷ്കാരമാണ്.

വള്ളത്തോളിന്റെ കവിതകളിലെ ഏറ്റവും വലിയ ഗുണം ദേശീയതയാണോ? ആണെന്ന് പറയുവാൻ നിവൃത്തിയില്ല. വാസ്തവത്തിൽ ദേശീയവർണ്ണനകൊണ്ടുമാത്രം ഒരു കവിതയും ഉൽകൃഷ്ടമാവുന്നില്ല. ഒരു പക്ഷെ വള്ളത്തോളിന്റെ ഉജ്ജ്വലഗുണങ്ങളിൽ ഒന്നാണ് ദേശീയത. വള്ളത്തോൾക്കവിതയെ സമാകർഷകമാക്കുന്നത് ദേശീയതയുടെ പുറമെ മറ്റു പലതുമാണ്.

സാധാരണ വ്യവഹരിക്കപ്പെടുന്ന അർത്ഥത്തിൽ വള്ളത്തോളിന്റെ 'ദേശീയത'യെ പരാമർശിച്ചുകൂടാ എന്നു ശ്രീ. വിജയൻ അഭിപ്രായപ്പെട്ടു. വള്ളത്തോളിൽ കാണുന്നതു സങ്കുചിതമായ, ഭൌതികമായ വളർച്ചയുടെ പര്യായമായ, ദേശീയതയല്ല; നേരെ മറിച്ച്, അത് വിശിഷ്ടമായ സംസ്കാരബോധത്തിന്റെ വികസ്വരരൂപമാണ്.

വള്ളത്തോൾ: ഒരു സൌന്ദര്യോപാസകൻ

ഒരു സൌന്ദര്യോപാസകനെന്ന നിലയിൽ വള്ളത്തോളിനെ ചിത്രീകരിച്ചുകൊണ്ട് ശ്രീ. എ. പി. പി. നമ്പൂതിരി പ്രസംഗിച്ചു. നവംനവതമാണ് രമണീയതയുടെ ലക്ഷണമെങ്കിൽ, വള്ളത്തോൾ സുന്ദരമായ സങ്കല്പങ്ങൾകൊണ്ട് കവിതയെ അസൂയാവഹമാകംവണ്ണം അലങ്കരിച്ചിട്ടുണ്ടെന്ന് അനേകം ഉദാഹരണങ്ങൾ കൊണ്ട് അദ്ദേഹം തെളിയിച്ചു. സൌന്ദര്യത്തെ അംഗനിഷ്ഠമെന്നും അംഗിനിഷ്ഠമെന്നും വിഭജിയ്ക്കാവുന്നതാണ്. ഏത് അംഗത്തിന്ന് പ്രാധാന്യമുണ്ടോ, അതിന്ന് മുൻഗണന കൊടുത്തുകൊണ്ടുവേണം കലാശില്പത്തെ ആവിഷ്കരിക്കാൻ. വള്ളത്തോളിന്റെ ദൃഷ്ടി അർഹിക്കുന്ന ഭാഗങ്ങളിൽതന്നെ പതിഞ്ഞിട്ടുണ്ട്. ഏതാനും രേഖകളിലൂടെ മാത്രം മനോഹരമായ ചിത്രം നിർമ്മിക്കാൻ അദ്ദേഹത്തിനു കഴിയും. സൂക്ഷ്മസ്വഭാവത്തെ ആവിഷ്കരിക്കുന്നതിലും വള്ളത്തോൾ വിജയം നേടിയിട്ടുണ്ട്. 'കിളിക്കൊഞ്ചൽ', 'കമ്മട്ടഭൂമിയുടെ പിഞ്ചുകാൽ' മുതലായ കവിതകൾ സൌന്ദര്യബോധത്തിന്റേയും സൂക്ഷ്മദർശനത്തിന്റേയും നിദർശനങ്ങളത്രേ. എന്നാൽ, അംഗനിഷ്ഠമായ സൌന്ദര്യവർണ്ണനത്തിലെന്നപോലെ അംഗിനിഷ്ഠമായ സൌന്ദര്യചിത്രീകരണത്തിൽ വള്ളത്തോൾ സാഫല്യം നേടിയിട്ടില്ലെന്നാണ് ഏ. പി. പി. യുടെ അഭിപ്രായം. 'ഭാരതസ്ത്രീകദംബൻ ഭാവശുദ്ധി' എന്ന കവിത അദ്ദേഹം ഉദാഹരണമായെടുത്തുകാട്ടി.

സമാപനസമ്മേളനത്തിൽ ശ്രീ. സുകുമാർ അഴീക്കോട് കൃതജ്ഞത പ്രകാശിപ്പിച്ചു. കാവ്യോത്സവം വിജയപര്യവസിതമായതിൽ അദ്ദേഹം സന്തോഷം രേഖപ്പെടുത്തി.

ഓരോ സമ്മേളനത്തിലും അതാതു മഹാകവിയുടെ കൃതികളും പ്രാർത്ഥനയും സംഗീതാവിഷ്കരണത്തിനും കഥാപ്രസംഗത്തിനും തിരഞ്ഞെടുത്ത് അവതരിപ്പിച്ചു എന്നത് കാവ്യോത്സവത്തിന്റെ ഒരു പ്രത്യേകതയത്രെ. മുണാളിനി, കരുണ, രാധയുടെ കൃതാർത്ഥത എന്നീ കൃതികളെ അധികരിച്ച് യഥാക്രമം പി. പി. അബ്ദുമഹമ്മദ്, എം. യതീന്ദ്രദാസ്, വി. പി. രാജഗോപാലൻ എന്നിവർ വിദ്യാർത്ഥികളും നടത്തിയ കഥാപ്രസംഗങ്ങളും സദസ്യരെ ആനന്ദിപ്പിച്ചു. കാവ്യോത്സവവേളയിൽ, ദേവഗിരികോളേജിലെ അന്തരീക്ഷത്തിൽ, ദിവംഗതരായ മഹാകവികളുടെ ആത്മാക്കൾ ആനന്ദാശ്രു തൂകി നില്ക്കുന്നുണ്ടായിരിക്കുമെന്ന് ശ്രീ. കുട്ടികൃഷ്ണമാരാർ അഭിപ്രായപ്പെട്ടത് വാസ്തവംതന്നെയാണെന്ന് ഓരോ സഹൃദയനും തോന്നിയിരിക്കുമെന്നാണ് ഈ ലേഖകന്റെ വിശ്വാസം.

അന്യുകൊണ്ടുള്ള വ്രണം കാലത്താൽ നികന്നിടും,
കൊന്യുകം കണ്ടിച്ചാലും പാടപം കിളിർത്തീടും,
കാട്ടുതീ വെന്താൽ വനം പിന്നെയും തളിർത്തീടും,
കേട്ടുകൂടാത്ത വാക്കാം ആയുധം പ്രയോഗിച്ചാൽ
കർണ്ണങ്ങൾക്കകം പൂക്കു പുണ്ണായാലതു പിന്നെ
പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാൾ ചെന്നാൽപോലും.

എങ്ങോട്ട് ?

എ. വി. ദാമോദരൻ, P U. C.

പാലൊളിനിലാവിനാൽ പാരിനെക്കുളിപ്പിയ്ക്കും
തിങ്കളിലെത്തിച്ചേരാൻ ശ്രമിയ്ക്കും "മഹാമത്ത്യ",
വിസ്മയകരം തവ നേട്ടങ്ങളെന്നാകിലും,
ഭുവിതിൽ തവ ഗതിയെങ്ങോട്ടെന്നരയ്ക്കാമോ?
സമസ്യഷ്ടങ്ങളാകും ജീവികഠം ദുഃഖാബ്ധിയിൽ
സതതമുഴലുമ്പോളയരെപ്പറപ്പു നീ!
നീയെത്രയ്ക്കുയന്നാലും, നിന്നുടെ കുടിലത
ക്ഷോണിയിലതിഘോരതാണ്ഡവം തുടരുന്നു.
സത്യബോധത്തിൻ കമ്പിവലയിൽ കുടുങ്ങാതെ
പൃഥ്വിയിലെങ്ങും പുത്തൻപുഞ്ചിരി പൊഴിയ്ക്കുന്ന
വാർമതിബിംബത്തേയും പങ്കിലമാക്കേണമോ
പാരിച്ച പാപം പേറും നിൻകരിംകരങ്ങളാൽ?
ഭുവിതിൽ വിഷധൂളി വിതറിപ്പിന്നേയും നീ
ദ്യോവിലേയ്ക്കുയരുന്നു, നിൻഗതിയെങ്ങോട്ടാവോ!

—❋✳❋✳❋—

ഒരു രാഷ്ട്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ജനങ്ങളത്രെ. ഏറ്റവും പ്രാധാന്യം കുറഞ്ഞത് രാജാവും.

—മെൻഷ്യസ്

മനുഷ്യൻ സ്വതന്ത്രനായിരിക്കണമെന്നാണ് ദൈവേച്ഛ. ദൈവത്തേമായ സ്വതന്ത്രേച്ഛാശക്തി പ്രയോഗിക്കാൻവേണ്ടി അവൻ സ്വാതന്ത്ര്യം കാത്തു രക്ഷിക്കുന്നു.

—സൈമൺ ബോളിവർ

ഗുണമില്ലാത്ത നരനും മണമില്ലാത്ത പുഷ്പവും
തിരക്കുകൂട്ടി നില്ക്കുന്ന തൃണത്തിൻ കിട നേടുവാൻ.

—ഉള്ളൂർ

സഞ്ജയസാഹിത്യം

ടി. കെ. മുഹമ്മദ്, I ബി. എ.

നാല്പതുകൊല്ലക്കാലത്തെ തന്റെ ജീവിതത്തിൽ എഴുപതുകൊല്ലത്തോളം കൈരളിയെ സേവിച്ച സഞ്ജയൻ ഹാസ്യസാഹിത്യത്തിൽ ഒരു നവോത്ഥാനം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ പരിഹാസങ്ങൾ അടിക്കടി വേദനിക്കുന്ന ഒരു ഹൃദയത്തിന്റെ അണിയറയിൽനിന്നു ബഹിർഗ്ഗമിച്ചവയായിരുന്നു. അവയുടെ പ്രതിദ്ധ്വനികൾ മലയാളസാഹിത്യാന്തരീക്ഷത്തിലാകമാനം മുഴങ്ങിക്കേട്ടു.

ആ ചിരി

സഞ്ജയന്റെ പൊട്ടിച്ചിരി സകല ദുരകളിലും കേൾക്കാമായിരുന്നു ശകാരം തൊട്ടുതെറിക്കാത്ത ആ ചിരി ദുഃഖത്തിൽ വാത്തെടുത്ത ആക്ഷേപത്തിന്റേതായിരുന്നു; ആ ചിരിയിൽ വ്യക്തിവിദ്വേഷം കലർന്നിരുന്നില്ല. ആ സ്ഥിതിക്ക്, 'പരിഹാസപ്പുഉപനീർച്ചെടിക്കൊടോ—ചിരിയത്രേ പുഷ്പം ശകാരം മുള്ളതാൻ' എന്നു മുദ്രാവാക്യമായി സ്വീകരിച്ച സഞ്ജയന്റെ സാഹിത്യം വ്യക്തിദ്വേഷത്തിലും, അസൂയയിലും അധിഷ്ഠിതമായിരുന്നു എന്ന ചിലരുടെ അഭിപ്രായത്തോട് നമുക്കെങ്ങനെ യോജിക്കാം? "ഒരു ദോഷമല്ലാതൊരാളെ മാത്രമായ്, പരിഹാസത്തിനു വിഷയമാക്കൊലാ" എന്ന് ഉപദേശിച്ച ആ സാഹിത്യകാരൻ വ്യക്തിവിദ്വേഷിയായിരുന്നുവെന്നു നാമെങ്ങനെ വിശ്വസിക്കും?

അക്കാലത്തെ മിക്ക സാഹിത്യകാരന്മാരും വിമർശകന്മാരും അദ്ദേഹത്തെ തെല്ലൊന്നു ഭയപ്പെടാതിരുന്നില്ല. സഞ്ജയൻ ചങ്ങമ്പുഴയുടെ രമണനെഴുതിയ വിമർശനവും, അദ്ദേഹത്തിന്റെ ശോകാത്മകഗാനങ്ങളെയും വിപ്ലവമനസ്ഥിതിയേയും പരിഹസിക്കുവാൻ വേണ്ടി സന്ദർഭോചിതമായി രചിച്ച കവിതകളും ഉപന്യാസങ്ങളും ഇന്നും നമ്മുടെ ഹൃദയത്തെ ആകർഷിക്കുവാനും ചുണ്ടിൽ മന്ദഹാസം വിരിയിക്കാനും ശക്തങ്ങളാണ്. ചങ്ങമ്പുഴ എഴുതിയ 'വികാസം! വികാസം' എന്ന കവിത വായിച്ചപ്പോഴും, സഞ്ജയൻ എഴുതിയ 'പിരാന്തു! പിരാന്ത്' എന്ന കവിത ചങ്ങമ്പുഴയുടെ ആധുനിക കവിതാരീതിയെ നല്ലപോലെ 'ചൊട്ടിവിടാൻ' പര്യാപ്തമാണ്. രാവണായനക്കാരേയും, പള്ളത്തുരാമന്റെ മഹാകവിപ്പട്ടത്തേയും ഉള്ളൂരിന്റെ കവിതാശൈലിയേയും അദ്ദേഹം നിശിതമായ പരിഹാസസ്വരത്തിൽത്തന്നെ വിമർശിച്ചിരുന്നു. പുസ്തകം എത്ര ബോറായാലും, ഗ്രന്ഥകർത്താവിനെ പ്രശംസിച്ചുകൊണ്ട് നിരൂപണം എഴുതിവിടുന്ന 'നിരൂപകന്മാരെ ബ്ലീച്ചടിപ്പിക്കുവാൻ വേണ്ടി മാത്രം' എഴുതിയ "അഭിപ്രായഗതി"യിൽ മാത്താണ്ഡപിള്ളയുടെ 'ലീലയുടെ കാമുകൻ' അച്ചടിക്കുമ്പോഴേക്കും തന്നെ പ്രൂസ്സിൽ അടിച്ചുകൊണ്ടിരുന്ന വൈദ്യനാഥയ്യരുടെ 'ഇന്ത്യാചരിത്രസംഗ്രഹവും' അതിന്നിടയ്ക്കുവെച്ചു ബൈണ്ടു ചെയ്തതും, അതു വായിച്ച നിരൂപകന്മാർ പുസ്തകത്തെ പ്രശംസിച്ചുകൊണ്ട് നിരൂപണങ്ങൾ എഴുതിയതും സഞ്ജയൻ വളരെ രസകരമായി വിവരിച്ചിരിക്കുന്നു. അദ്ദേഹം സാഹിത്യത്തെത്തന്നെ വക തിരിച്ചതു് തനിക്ക് മനസ്സിലാകുന്നതെന്നും, മനസ്സിലാകാത്തതെന്നും രണ്ടു തരമായിട്ടാണ്. ഇതു വെറും തമാശയായിരുന്നില്ല. അന്നത്തെ മിക്ക പുരോഗമനസാഹിത്യവാദികളും തങ്ങൾക്കു മനസ്സിലാകുന്നതിനെ ജീവത്സാഹിത്യവും, മനസ്സിലാകാത്ത പഴയ ഗ്രന്ഥങ്ങളെ, അവയെത്രതന്നെ ഉത്കൃഷ്ടങ്ങളായാലും, പഴഞ്ചൻ സാഹിത്യവുമായി ഗണിച്ച കാലമായിരുന്നു അതു്.

മറ്റു് രംഗങ്ങളിലും അദ്ദേഹത്തിന്റെ പരിഹാസശരങ്ങൾ ചെന്നു തറച്ചിരുന്നു. കോഴിക്കോട്ട് മുൻസിപ്പാലിറ്റി, ഡിസ്ട്രിക്ട് ബോർഡ്, മുതലായവയെപ്പറ്റിയെല്ലാം അദ്ദേഹമെഴുതിയ ലേഖനങ്ങളിൽ പരിഹാസത്തിൽ പൊതിഞ്ഞ കട്ടംസത്യങ്ങൾ നമുക്കു കാണാം.

'കുമ്മവന്ദനം' 'രാജാജിക്കൊരു കത്തു്', മുനിസിപ്പാലിറ്റിക്കാർ തൊഴിൽനികുതിയടക്കാൻ കല്പിക്കുന്ന നോട്ടീസിൽ മനുഷ്യരെ അമ്പരിപ്പിക്കാൻ എഴുതിവിടുന്ന ഭീഷണികൾ എന്നിങ്ങനെ ആ പരിഹാസത്തിന്റെ പട്ടിക തുടർന്നുപോകുന്നു.

ഭാരതത്തിലെ മിക്ക ദേശങ്ങളിലും വർഗ്ഗീയസമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അപ്പോൾ കേരളത്തിലെ ഒരു മുസ്ലിം പ്രതിനിധിയെന്ന നിലയിൽ 'ആമത്തുക്കാ'യെക്കൊണ്ട് പാടിക്കുകയാണ്:—'ഇസ്ലാമെന്നാലടി

പിടിയല്ലതു്. പക്ഷെ അതു് 'ശാന്തി തികഞ്ഞൊരു മന്ത്രിരമാണ്.' 'മുസ്ലീങ്ങളും, അവരോടു് കൂടി പട്ടിണിയിട്ടു വലഞ്ഞു വരുന്നൊരു ഹിന്ദുജനങ്ങളും' അതറിയാൻ വൈകരുതെന്നും,

"തമ്മിലിണങ്ങിക്കഴിവതിലപ്പുറ—
മില്ലൊരു നന്മ നമുക്കിനിയെന്നു മറക്കല്ലേ"

എന്നുമാണു് ആമത്തക്കായുടെ ഉപദേശം.

ഹാസ്യാനുകരണം

സഞ്ജയൻ സന്ദർഭോചിതമായി പലപ്പോഴും പലരേയും അനുകരിച്ചെഴുതിയിട്ടുണ്ടു്. ജീവത്സാഹിത്യവും മിസ്റ്റിസിസവും അദ്ദേഹത്തിന്റെ പരിഹാസത്തിനു പലപ്പോഴും പാത്രമായിട്ടുണ്ടെന്നു നമുക്കു കാണാം.

"അന്തിക്കുളിർകാറ്റിൻ മർമ്മരാരാലാപം; ഞാൻ
മന്ത്രിക്കില്ലാരോടും, തോഴീ"

എന്ന വരികളും ചങ്ങമ്പുഴയുടേതാണെന്നു് നമുക്കു് പെട്ടെന്നു തോന്നുമെങ്കിലും, അതു സഞ്ജയന്റെ തൂലികയിൽനിന്നു് ബഹിർഗ്ഗമിച്ചതാണു്. ടാഗോറെഴുതിയ ദേശീയഗാനത്തെ അനുകരിച്ചു്, സഞ്ജയനെഴുതിയ 'ജനഗണ തലയടി നായക ജയ ഹേ' എന്ന ലാത്തിഗീതി നമ്മെ ഇന്നും പൊട്ടിച്ചിരിപ്പിക്കാൻ പര്യാപ്തമാണു്. സഞ്ജയൻ അനുകരിക്കുന്നതു് ഉള്ളൂരിനെയാവട്ടെ, ചങ്ങമ്പുഴയെയാവട്ടെ, വള്ളത്തോളിനെയാകട്ടെ, അദ്ദേഹത്തിനു് ഓരോരുത്തരുടേയും തനതായ ശൈലിയിൽത്തന്നെ എഴുതുവാനുള്ള കഴിവുണ്ടായിരുന്നു. ഉള്ളൂരിന്റെ സംസ്കൃതപദ നിർഭരമായ കവിതാശൈലിയും, ചങ്ങമ്പുഴയുടെ തേനോലുന്ന കവിതാരീതിയും അദ്ദേഹത്തിനു് വശമായിരുന്നുവെന്നതിനു് നമുക്കനേകം ഉദാഹരണങ്ങൾ കാണാം.

'ഓമനപ്പുന്നിക്കിടാവോ—നല്ല
കോമളക്കൊട്ടത്തൻ പൂവോ
* * * *
ആരും തുറക്കുന്നപൂട്ടോ—നാലു
വാരം പഴകിയ പിട്ടോ.'

എന്നു തുടങ്ങുപോകുന്ന സഞ്ജയന്റെ 'മറ്റൊരു താരാട്ടു്' 'ഓമനത്തിങ്കൾ കിടാവിനെ' പരിഹസിക്കുവാൻ വേണ്ടി എഴുതിയതാണെന്നു വ്യക്തമാണു്. സഞ്ജയന്റെ താരാട്ടു പാടിയാലും കുട്ടി ഉറങ്ങാതിരിക്കുകയില്ലല്ലോ?

പാണ്ഡിത്യം

സഞ്ജയന്റെ മറ്റൊരു പ്രത്യേകത, അദ്ദേഹത്തിനു് ഗദ്യവും പദ്യവും ഒരുപോലെ കൈകാര്യം ചെയ്യാൻ കഴിഞ്ഞിരുന്നുവെന്നതാണു്. സംസ്കൃതം, തമിഴു്, മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ നല്ല പാണ്ഡിത്യവും ഹിന്ദി, ജർമ്മൻ, ഫ്രഞ്ചു് തുടങ്ങിയ ഭാഷകളിൽ സാമാന്യജ്ഞാനവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇതുരയും കൈമുതലുകളോടുകൂടിയാണു് അദ്ദേഹം സാഹിത്യരംഗത്തേക്കിറങ്ങിയതു്. സാക്ഷാൽ സഞ്ജയനായ 'എം. ആർ. നായർ' എഴുതിയ "സാഹിത്യവും ജീവിതവും" എന്ന ഉപന്യാസം, സഞ്ജയസാഹിത്യം വായിച്ചു രസിക്കുന്ന ഒരു സാധാരണക്കാരനു് മനസ്സിലാക്കാൻ പ്രയാസമാണു്. തന്റെ വ്യക്തിത്വം സഞ്ജയസാഹിത്യത്തിൽ പ്രകാശിപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സഞ്ജയനെന്ന നിലയിൽ തന്റെ കർത്തവ്യത്തെപ്പറ്റി അദ്ദേഹത്തിനു തികഞ്ഞ ബോധമുണ്ടായിരുന്നു. അദ്ദേഹം പറയുന്നതു നോക്കുക:—


'തല പുകഞ്ഞാലും, കരളെരിഞ്ഞാലും,
ചിരിക്കണമതേ വിഭീഷകധർമ്മം.'
'ചിരികൊണ്ടു കൈയ്പു കലരും സത്യത്തെ
പൊതിഞ്ഞു നല്കുവതെളുപ്പമെന്നാരും
കരുതിപ്പോകല്ലേ, ശരിക്കതു ചെയ്യാൻ
പരിചയം പോരാ, ശ്രദ്ധയും വേണം."



Folk Dance in Kerala — By Thomas Palayoor, I B. Sc.



BEACH—A. V. Aboobacker, I B. Sc.




By E. V. Joseph, P. U. C.




Jhansi Rani—By P. Ramdas, P. U. C.




Mother and Child—By Thomas Palayur, I B. Sc.




Flying Fish
By K. P. Prabhakaran, III B. Sc.




Photocorynus with male attached
By K. P. Prabhakaran, III B. Sc.




Our College—By P. Ramdas, P. U. C.



Angler fish
By K. P. Prabhakaran, III B. Sc.







On the Calicut Beach — Snapshots by Ravindran, Maroli

എന്തിനാണാവോ?

വി. സി. എൻ.

പശ്ചിമവാനത്തിലമ്പിളിത്തെല്ലും
ചാരത്തു മുഗ്ദ്ധയാം താരയും നിൽപൂ.
മാനത്തു മോടിയിൽ മേഘങ്ങളാലേ
മേലാപ്പു തൂക്കുവതെന്തിനാണാവോ!
പശ്ചിമസാഗരം മന്ദ്രസ്വരത്തിൽ
വാദ്യം മുഴക്കുന്നതെന്തിനാണാവോ!
ആമ്പലിൻ പൂവുകൾ പുഞ്ചിരി തൂകി-
ത്തുമണം ചിന്നുന്നതെന്തിനാണാവോ!
വെള്ളിൽപറവകൾ വാനിലങ്ങിങ്ങായ്
നൃത്തനം ചെയ്യുവതെന്തിനാണാവോ!
ആനന്ദമത്തരായ് കോകിലജാലം
പഞ്ചമം പാടുവതെന്തിനാണാവോ!
പശ്ചിമവാനത്തിലമ്പിളി നിന്നു;
ചാരത്തുമേരുമാത്താരവും നിന്നു.

വിശ്വസ്ത 'ഹൃത്തുക്കളെ'കണ്ട സ്നേഹ-
കണം നിലം വറ്റി മറഞ്ഞിടുമ്പോൾ
ഹാ! യീവെറും ശൂന്യധരാതലത്തിൽ
വസിക്കുവാനിച്ഛയെ വന്നുദിക്കും.

—തോമസ് മൂർ

ചോരനു വേണ്ട, രിപുവും കളയുന്നതല്ല,
ദൂരത്തു പോകിലതിനാലൊരു ഭാരമില്ല,
വാരിക്കൊടുക്കിലധികം പെരുകുന്ന നിത്യം;
വിദ്യാധനത്തിനു ഗുണം പറയാവതല്ല.

—സുഭാഷിതം

കൊതിയേറിടുമിന്ദ്രിയങ്ങളെ-
പ്പതിവായ് പോറ്റി നിരാശനായ് സദാ
മൃതിഭീതിയെ നീട്ടി വാഴ്മ-
സ്ഥിതി ഞാൻ ജീവിതമെന്നു ചിന്തിയാ

—ആശാൻ

ചെറുകഥ

മുക്കുമോതിരം

എം. പരമേശ്വരൻ നമ്പീശൻ, M. Sc. Class

വിവാഹത്തിന്നുശേഷം ആദ്യദിവസമാണന്ന്. ഒരു പുതിയ മനുഷ്യനുമായി അവൾ അടുക്കാൻ പോകയാണ്. അനേകം പ്രതീക്ഷകളുണ്ടവൾക്ക്, അതിലുമേറെ മധുരസ്വപ്നങ്ങളും.

ശബ്ദമുണ്ടാക്കാതെ രമ മുറിയിൽ കടന്നു.

ഗോപി എന്തോ ശ്രദ്ധിച്ചു നോക്കുകയാണ്. അയാളുടെ മേശയ്ക്കരികെക്കൂടി പോയപ്പോൾ പെട്ടെന്നവളതു കണ്ടു.

രമയ്ക്ക് വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല. ഒരു സ്ത്രീയുടെ ഫോട്ടോ! തന്റെ ഭർത്താവ് വിവാഹത്തിന്നു ശേഷം തന്നോടൊരു വാക്കു സംസാരിയ്ക്കുന്നതിന്നുമുമ്പ് മറ്റൊരു സ്ത്രീയുടെ ഫോട്ടോ നോക്കി ആനന്ദിയ്ക്കുന്നു! അവളുടെ ചിന്തകൾ ഒരു ദീർഘനിശ്വാസമായി പുറത്തുവന്നു.

ഗോപി തിരിഞ്ഞുനോക്കി. അയാളുടെ കൺപീലികൾ നനഞ്ഞിരുന്നു.

"രമേ, ആ വാതിലടച്ചു ഈ കസാലയിൽ വന്നിരിയ്ക്കൂ." ഫോട്ടോവിൽത്തന്നെ നോക്കിക്കൊണ്ട് ഗോപി പറഞ്ഞു. അവളത് അനുസരിച്ചു.

"രമയോട് ആദ്യമായിത്തന്നെ ഇങ്ങനെ സംസാരിയ്ക്കേണ്ടിവന്നതിൽ എനിയ്ക്കു ഖേദമുണ്ട്. എന്നിൽനിന്നു ആദ്യമായി എന്തു കേൾക്കണമെന്ന് രമ ആശിച്ചാലും ശരി, ഞാൻ പറയാനിഷ്ടപ്പെടുന്നത് എന്റെ ശാന്തയെക്കുറിച്ചാണ്. അവളുടെ ഓർമ്മ ഈ ബന്ധത്തിന്റെ തുടക്കത്തെ കൂട്ടുതൽ പവിത്രമാക്കുമെന്ന് എനിയ്ക്കുറപ്പുണ്ട്." സ്വല്പം നിർത്തി ഗോപി ചോദിച്ചു, "നോക്കൂ, ഈ ഫോട്ടോവിലെ പെൺകുട്ടിയ്ക്ക് വല്ല പ്രത്യേകതയും രമ കാണുന്നുണ്ടോ?"

രമ ഫോട്ടോ വാങ്ങി നോക്കി. സുന്ദരിയായ ഒരു യുവതി. ഇരുപതോളം വയസ്സുകാണും. മുഖം ക്ഷീണമെങ്കിലും ആകർഷകമാണ്. ആ കണ്ണുകൾ വാചാലങ്ങളാണ്. പക്ഷേ അവയ്ക്ക് എന്തോ ഒരു പോരായ്മ!

"പ്രത്യേകതയൊന്നുമില്ല, ഏതാണിവൾ?"

"അവളാണ് ശാന്ത. എന്റെ അമ്മാമന്റെ മകൾ". രമയുടെ ദീർഘനിശ്വാസം ഗോപി കേട്ടെങ്കിലും കേട്ടതായി നടിച്ചില്ല.

"ശാന്തയെ ഞാൻ കണ്ടത് പതിന്നാലുകൊല്ലങ്ങൾക്കു മുമ്പാണ്. എട്ടാംതരം പാസ്സായതിന്നുശേഷം ഞാൻ ഹൈസ്കൂളിൽ പഠിയ്ക്കാൻ അമ്മാമന്റെ വീട്ടിൽ ചെന്നു. അവിടെ അടുത്തുതന്നെ ഹൈസ്കൂളുണ്ട്; തൊട്ടടുത്ത് കോളേജും. അമ്മാമന്ന് രണ്ടു മക്കളുണ്ട്. ശാന്തയും ഒരാൺകുഞ്ഞും. ജന്മനാ അന്ധയായിരുന്ന ശാന്ത. ഞാൻ കാണുമ്പോൾ അവൾക്ക് ഏഴു വയസ്സേ ആയിരുന്നുള്ളൂ.

സ്കൂളിൽ ചേർന്നു രണ്ടു ദിവസം കഴിഞ്ഞതിന്നുശേഷമാണ് ഞാൻ ശാന്തയെ കണ്ടത്. അടുക്കളയുടെ ഒരരികിൽ ശബ്ദമുണ്ടാക്കാതെ അവൾ ഇരിയ്ക്കുകയായിരുന്നു.

"എന്താ ശാന്ത ചേട്ടനെ അറിയോ?", ഞാനവളുടെ കൈ പിടിച്ചു ചോദിച്ചു. "ഇല്ല". അവൾ പറഞ്ഞു. ഞാനവളുടെ ചേട്ടനാണെന്നും എന്നെ ചേട്ടനെന്ന് വിളിയ്ക്കണമെന്നും ഞാനവളോടു പറഞ്ഞു. അവളൊന്നും പറഞ്ഞില്ല.

ഇടയ്ക്കെല്ലാം കണ്ടുമുട്ടാറുണ്ടെങ്കിലും പിന്നെ ഞാൻ ശാന്തയെ അധികം ശ്രദ്ധിച്ചില്ല. വീട്ടിൽനിന്നു അവൾ പുറത്തുവരാറേയില്ല.

"ഒരു ശനിയാഴ്ച ദിവസം ഉച്ചയ്ക്ക് പുസ്തകം വായിച്ചു ഞാൻ മുറിയിൽ ഇരിയ്ക്കുകയായിരുന്നു. പെട്ടെന്ന് ശാന്ത വാതിൽപ്പുറം നിൽക്കുന്നതു കണ്ടു. ഞാനവളെ എടുത്തു കട്ടിലിൽ കൊണ്ടിരുത്തി. "ശാന്തയ്ക്ക് തീരെ കാണാൻ വയ്യേ?", ഞാൻ ചോദിച്ചു. "വയ്യ" അവൾ പറഞ്ഞു. കണ്ണിന്നു പലതരത്തിലും ചികിത്സിച്ചുനോ

അവസാനം കണ്ണു കീറണമെന്നു ഡോക്ടർ പറഞ്ഞതു്. അവളും അമ്മയും സമ്മതിയ്ക്കാഞ്ഞതുമെല്ലാം അവൾ പറഞ്ഞു. അതോടെ ഞാനവളെ കൂടുതൽ ഇഷ്ടപ്പെട്ടു.

"പിന്നീടു് പലപ്പോഴും ശാന്ത എന്റെ മുറിയിൽ വരാറുണ്ടായിരുന്നു. വാതിൽപ്പുറത്തു നിന്നു നിൽപ്പുകയേ ഉള്ളു. ഞാൻ വിളിച്ചാലേ അവളകത്തേയ്ക്കു വരൂ. അവളെ കട്ടിലിലിരുത്തി ഞാൻ തലമുടി ചീകിക്കൊടുക്കും. എന്നിട്ടു പറയും, "നീയൊരു സുന്ദരിയായിപ്പോയല്ലോ". അതു കേട്ടാൽ അവളൊന്നു പുഞ്ചിരിയ്ക്കും. ഒരു ദിവസം ശാന്ത ചോദിച്ചു.

"ചേട്ടനെന്താ സ്കൂളിൽനിന്നു പഠിയ്ക്കുന്നതു്?"

"പലതും പഠിയ്ക്കാറുണ്ടു്. കണക്കു്, മലയാളം, സയൻസു് അങ്ങനെ പലതും. അതൊന്നും ശാന്തയ്ക്കു് മനസ്സിലാവില്ല". "അവിടെ എന്നെപ്പോലുള്ള കുട്ടികളും വരുമോ?", അവൾക്കൊരു സംശയം. "ശാന്തയെക്കാളും വലിയ കുട്ടികളുണ്ടു്", ഞാൻ പറഞ്ഞു. "അവരുടെ തലമുടിയും ചേട്ടൻ ചീകിക്കൊടുക്കാറുണ്ടോ?" അവൾ ചോദിയ്ക്കുകയാണു്.

"അയ്യേ അവരുടെ മുടി ചീകിക്കൊടുക്കേം, നാണാവ്ലേ" ഞാൻ ചോദിച്ചു "അപ്പോൾ എന്റെ തലമുടി ചീകുന്നതോ?" "ശാന്തയെന്റെ അനിയത്തിയല്ലേ? ഇത്ര പൊട്ടിയായല്ലോ നീ" ഞാനവളെ കളിയാക്കി.

ശാന്തയുടെ മുഖം കറുത്തു. പിന്നെ അവളൊന്നും ചോദിച്ചില്ല.

ദിവസവും ശാന്തയ്ക്കു് അങ്ങനെ ചിലതു ചോദിക്കാനുണ്ടാകും. ആ സംഭവത്തിനുശേഷം ഉത്തരം പറയുമ്പോൾ ഞാൻ വളരെ ശ്രദ്ധിച്ചിരുന്നു അവളുടെ മനസ്സിനെ വേദനിപ്പിയ്ക്കാതിരിയ്ക്കാൻ.

ഒരു കൊല്ലം വളരെ വേഗം കഴിഞ്ഞു. പരീക്ഷ കഴിഞ്ഞു് എനിയ്ക്കു് നാട്ടിൽ പോകേണ്ട സമയമായി. ഞാൻ വീട്ടിൽ പോകുമെന്നു പറഞ്ഞപ്പോൾ ശാന്ത പറഞ്ഞു. "ചേട്ടൻ പോയാലേ, ഞാൻ കരയും കേട്ടോ." "പക്ഷേ എനിയ്ക്കമ്മയെ കാണണ്ടേ ശാന്തേ? അമ്മയെ കണ്ടേച്ചു് ഞാൻ വേഗം വരാം." പിന്നെ അവളൊന്നും പറഞ്ഞില്ല.

പിന്നീടു് രണ്ടുമാസങ്ങൾക്കുശേഷമേ ഞാൻ ശാന്തയെ കണ്ടുള്ളു. ഞാൻ വന്നുവെന്നറിഞ്ഞിട്ടും അവൾ പുറത്തു വന്നില്ല. എന്നോടുള്ള പരിഭവംകൊണ്ടാണെന്നു് അമ്മായി പറഞ്ഞു.

ശാന്ത എന്റെ അടുത്തുവരില്ലെന്നു കണ്ടപ്പോൾ ഞാനവളെ എടുത്തു എന്റെ മുറിയിലേയ്ക്കു് കൊണ്ടുപോയി. അവളുടെ തലമുടി ചീകി, ഒരു പൊട്ടു തൊടുവിച്ചു് ഞാൻ ചോദിച്ചു," "ശാന്തയ്ക്കു് ഞാനൊരു സമ്മാനം തരട്ടെ."

"എന്താ സമ്മാനം?" ശാന്ത ചോദിച്ചു.

"ഒരു മോതിരം. മുക്കുമോതിരമാണ് കേട്ടോ." ഞാനതവളുടെ വിരലിൽ ഇടുവിച്ചുകൊടുത്തു. അവൾക്കു് വളരെ സന്തോഷമായി.

അതോടെ ഞങ്ങൾ വളരെ അടുത്തു. അവൾ കാണാത്ത ഈ ലോകത്തെക്കുറിച്ചു് അവൾക്കു് പലതും അറിയണം. "ഈ വീട്ടിനു പുറത്തു എന്തെല്ലാമുണ്ടു്. സൂര്യൻ എങ്ങനെയാണു്? അതിനൊരു വലുപ്പമുണ്ടോ? മരങ്ങളെല്ലാം എന്താകൃതിയിലാണു്?" എന്നിങ്ങനെ എണ്ണമറ്റ ചോദ്യങ്ങൾ അവൾ ചോദിയ്ക്കും. അവൾക്കു് മനസ്സിലാകത്തക്കവിധത്തിൽ ഞാനവയ്ക്കു് മറുപടി പറയും.

ശാന്ത എന്നെ വിട്ടുപിരിയാതായി.

ശാന്തിയും സന്തോഷവും നിറഞ്ഞ കൊല്ലങ്ങൾ അഞ്ചാറു കടന്നുപോയി. അന്നു ഞാൻ ബി. എസ്സി. സീനിയർ ക്ലാസ്സിൽ പഠിക്കുകയാണു്. ശാന്ത ശാരീരികമായി വളർന്നിരുന്നെങ്കിലും മാനസികമായി വളരെയൊന്നും വളർന്നതായി എനിയ്ക്കു തോന്നിയില്ല.

ശാന്തയ്ക്കു് കഥകളാണു് അധികമിഷ്ടം. എനിയ്ക്കറിയാവുന്ന കഥകൾക്കു പുറമെ അനവധി കഥകൾ ഉണ്ടാക്കി പറയേണ്ടിയും വന്നിട്ടുണ്ടു്. മിയ്ക്കതും എനിയ്ക്കിന്നു് ഓർമ്മയില്ല. പക്ഷേ അവസാനം പറഞ്ഞ കഥ ഞാനിന്നും ഓർക്കുന്നുണ്ടു്. അതു മറക്കാൻ കഴിയുമെന്നും എനിയ്ക്കു തോന്നുന്നില്ല. അതൊരു രാജകുമാരിയുടെ കഥയായിരുന്നു. സുന്ദരിയായ ഒരു രാജകുമാരി. അനേകം സ്വർണ്ണാഭരണങ്ങളും എണ്ണിയാലൊടുങ്ങാത്ത ഭൃത്യരുമെല്ലാം അവൾക്കുണ്ടു്. അവളെ വിവാഹംചെയ്യാൻ പല രാജകുമാരന്മാരും പല രാജ്യങ്ങളിൽനിന്നുമെത്തി. രാജധാനിയ്ക്കടുത്തുതന്നെ ഒരു കുടിലിൽ പാത്തുവന്നിരുന്ന ഒരു മുത്തശ്ശിയ്ക്കുമുണ്ടായിരുന്നു അതേ പ്രായത്തിൽ ഒരു മകൾ. പക്ഷേ അവൾ കണ്ണുപൊട്ടിയായിരുന്നു. അതിനാൽ അവളെ വിവാഹംചെയ്യാൻ ആരും ചെന്നില്ല. മുത്തശ്ശിയ്ക്കു് വലിയ ദുഃഖമായി. പിന്നെ ഒരു യക്ഷി വന്നതും നല്ലവളായ മുത്തശ്ശിയെ

രക്ഷിച്ചതും മറവമാണ് കഥ. കഥ ഇവിടെ എത്തിയപ്പോൾ ശാന്ത പെട്ടെന്നു ചോദിച്ചു. "ചേട്ടാ ഞാനൊരു കാര്യം ചോദിയ്ക്കട്ടെ?"

"ഉം ചോദിയ്ക്കാമല്ലോ."

"അല്ലെങ്കിൽ വേണ്ട, ചേട്ടൻ ദേഷ്യപ്പെട്ടാലോ."

"ഇല്ല ശാന്തേ, ചോദിച്ചോളൂ. എന്തു സംശയം വേണമെങ്കിലും ചോദിച്ചോളൂ. ചേട്ടനെന്നെങ്കിലും ശാന്തയെ ദേഷ്യപ്പെട്ടിട്ടുണ്ടോ?" ഞാനവളെ ധൈര്യപ്പെടുത്തി.

"അതൊന്നുമില്ല. എന്നാലും ഇതു ചോദിയ്ക്കാൻ—" അവൾക്ക് വീണ്ടും സംശയം.

"ഉം എന്തായാലും ചോദിയ്ക്കൂ."

"ഞാൻ വെറുതെ ചോദിയ്ക്കുകയാണു കെട്ടോ. ചേട്ടനാണ് വിവാഹത്തിനു പോയതെന്നുവെച്ചോളൂ. ചേട്ടൻ ആരെ വിവാഹം ചെയ്യും; കുമാരിയേയോ മുത്തശ്ശിയുടെ മകളേയോ?"

"നല്ല ചോദ്യം", ഞാൻ പറഞ്ഞു, "ഞാൻ രാജകുമാരിയെത്തന്നെ വിവാഹം ചെയ്യും. എനിയ്ക്കെന്തിനാ കണ്ണുപൊട്ടി. രാജകുമാരിയെ കല്യാണം കഴിച്ചാലേ രാജ്യം ഭരിയ്ക്കാം, പണക്കാരനാകാം. അങ്ങനെ പല മേന്മകളുമുണ്ട്." ആ മേന്മകളെ ഞാനങ്ങനെ വർണ്ണിച്ചുപോയി. പെട്ടെന്നാണ് അവളതിൽ ശ്രദ്ധിയ്ക്കുന്നില്ലെന്നു മനസ്സിലായത്. അവളെന്തോ ആലോചിയ്ക്കുകയായിരുന്നു.

'രമയാണെങ്കിൽ ആ ചോദ്യത്തിന് എന്തുത്തരം പറയും?" അല്പനേരത്തെ മൌനത്തിനുശേഷം ഗോപി ചോദിച്ചു.

"ഞാനും പറയുന്ന ഉത്തരം അത്തരത്തിലുള്ള ഒന്നായിരിയ്ക്കും. പക്ഷേ നിങ്ങളത് പറയാൻ പാടില്ലായിരുന്നു. ആ ചോദ്യത്തിന്റെ പിന്നിൽ ഒരർത്ഥമുണ്ടെന്നു നിങ്ങളും മനസ്സിലാക്കേണ്ടതായിരുന്നു."

"ശരിയാണ്. ഇപ്പോഴും എനിയ്ക്കുമത് മനസ്സിലാകുന്നുണ്ട്. പക്ഷേ അങ്ങിനെയൊരർത്ഥം ഉൾക്കൊള്ളുന്ന ചോദ്യം ചോദിയ്ക്കാൻ മാത്രം അവൾ വളർന്നുവെന്ന് ഞാനുമും മനസ്സിലാക്കിയില്ല. എന്റെ കണ്ണിൽ അന്നും അവളൊരു കുട്ടിയായിരുന്നു. അവളത് വെറുതെ ചോദിച്ചുവെന്നേ എനിയ്ക്കു തോന്നിയുള്ളൂ. ഏതായാലും ആ ഉത്തരം അവളെ വേദനിപ്പിച്ചുവെന്ന് പിന്നീടെനിയ്ക്കു മനസ്സിലായി."

ആ കഥയന്ന് മുഴുമിപ്പിച്ചില്ല. അത് മുഴുമിപ്പിയ്ക്കണമെന്ന് അവൾ ആവശ്യപ്പെട്ടില്ല. എന്നല്ല പിന്നീട് കഥയേ കേൾക്കണമെന്ന് അവൾ പറഞ്ഞിട്ടില്ല.

അവസാനം അവരെയെല്ലാം വിട്ടുപിരിയേണ്ട സമയമായി. ശാന്തയോട് ഒടുവിലേ ഞാൻ യാത്ര പറഞ്ഞുള്ളൂ. ഞാൻ പോകയാണെന്നു പറഞ്ഞപ്പോൾ അവൾ പൊട്ടിക്കരഞ്ഞു. ശാന്ത പലതും പറയുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ, അവളൊന്നും പറഞ്ഞില്ല.

കാലത്തിന്റെ പോക്കിൽ അതെല്ലാം ഞാൻ മറന്നു. ബി. എ. പാസ്സായി ഞാൻ മദിരാശിയിൽ എം. എസ്.സി.യ്ക്കു ചേർന്നു. അതും പാസ്സായി മൂന്നു കൊല്ലങ്ങൾക്കുമുമ്പ് ഇപ്പോഴത്തെ കോളേജിൽ ജോലിയും കിട്ടി.

ഇതിനിടയ്ക്ക് പല പ്രാവശ്യവും ഞാൻ ശാന്തയെ കണ്ടു. പക്ഷേ പണ്ടത്തെ അടുപ്പം പിന്നീടുണ്ടായിട്ടില്ല. ഞാൻ ചെന്നുവെന്നറിഞ്ഞാൽ പിന്നീട് അവൾ പുറത്തുവരാറില്ല. എങ്കിലും ഞാനവളെ കാണും. ഒരു കാര്യം ഞാൻ സൂക്ഷിച്ചു. അവളുടെ ദേഹം വളരെ വേഗം ശോഷിച്ചുവന്നിരുന്നു. ഒരിയ്ക്കൽ ഞാൻ ചോദിച്ചു, "ശാന്ത വല്ലാതെ ശോഷിയ്ക്കുന്നതെന്താ? പണ്ടത്തെ ഉന്മേഷമൊക്കെ എവിടെപ്പോയി? രോഗമൊന്നുമില്ലല്ലോ." "മുമ്പത്തെ ഉന്മേഷം ഇനി എങ്ങനെ ഉണ്ടാകാനാണ്? ആ കാലമെല്ലാം കഴിഞ്ഞില്ലേ. ഇപ്പോഴും രോഗമൊന്നുമില്ല." അതും പറഞ്ഞ് പതുക്കെ അവൾ അവിടെനിന്നു പോയി.

"എനിയ്ക്ക് ശാന്തയെയൊന്നു കാണണം. എനിയ്ക്കവളോട് മാപ്പുചോദിയ്ക്കണം." രമ പെട്ടെന്നു പറഞ്ഞു.

"സാധിയ്ക്കില്ല രമേ. രമയ്ക്കതിനു ഭാഗ്യമില്ല." അതു പറയുമ്പോൾ ഗോപിയുടെ കണ്ഠം ഇടറിയിരുന്നു. "അവളിപ്പോൾ മാപ്പുകൊടുക്കും ആഗ്രഹങ്ങൾക്കും അപ്രാപ്യമായ ഒരു ലോകത്ത് എത്തിക്കഴിഞ്ഞു." ഗോപി അല്പനേരം മൌനിയായിരുന്നു.

"ഒരു കൊല്ലം മുമ്പാണതുണ്ടായത്. ഞാൻ ശാന്തയുടെ ദേഹസ്ഥിതിയെപ്പറ്റി ചോദിച്ചുവെന്നു പറഞ്ഞില്ലേ? അതിനുശേഷം അവളോടു സംസാരിയ്ക്കാൻ എനിയ്ക്കു സാധിച്ചിട്ടില്ല. ഞാൻ ചെന്ന് കുറ

ച്ചിവസങ്ങൾക്കുള്ളിൽ അവനും രോഗശയ്യയിലായെന്നു കേട്ടു. രോഗമെന്തെന്നാണും അമ്മാമൻ എഴുതിയില്ല. അവനും വെറുതെയങ്ങനെ കിടക്കും. ആഹാരമൊന്നും കഴിയ്ക്കില്ല. എന്തു ചോദിച്ചാലും മൂളൽകൊണ്ട് ഉത്തരം പറയും. ദിനംപ്രതി അവനും മെലിഞ്ഞുംവന്നു.

ആയിടയ്ക്കാണ് നമ്മുടെ വിവാഹം തീച്ചയാക്കിയത്. അമ്മാമന്ന് കത്തയച്ചിരുന്നു. ഒരാഴ്ചക്കുള്ളിൽ എനിയ്ക്കൊരു കമ്പി കിട്ടി, ഞാൻ അടിയന്തരമായി അവിടെയൊന്ന് ചെല്ലുണമെന്നാപേക്ഷിച്ചുകൊണ്ട്.

ഞാനവിടെ ചെന്നപ്പോഴും ശാന്തയുടെ സ്ഥിതി ദയനീയമായിരുന്നു. ക്ഷണം കഴിച്ചിട്ട് ഒരു മാസത്തോളമായെന്നു പറഞ്ഞു. ഒരാഴ്ചയ്ക്കുശേഷം വെള്ളംപോലും ഇറക്കിയിട്ടില്ല. അവനും വേണ്ടെത്രെ. നിർബ്ബന്ധിച്ചാൽ കരഞ്ഞുതുടങ്ങും.

ഞാൻ ചെന്നുവെന്നറിഞ്ഞപ്പോഴും ശാന്ത പതുക്കെ കൈ നീട്ടി. കട്ടിലിൽ ഇരുന്നു ഞാനവളുടെ കൈപിടിച്ചു. എല്ലാവരും നോക്കിനില്ക്കെ അവനും എന്റെ കൈയെടുത്തു ചുണ്ടിൽവെച്ചു, എന്നിട്ട് നെഞ്ചിലും. "ചേട്ടാ" അവനും ക്ഷീണസ്വരത്തിൽ വിളിച്ചു, "എനിയ്ക്കൊരപേക്ഷയുണ്ട്. ചേട്ടൻ രാജകുമാരിയെ വിവാഹം കഴിയ്ക്കരുത്. ആ സുഖമൊന്നും എന്നേയ്ക്കും ഉണ്ടാവില്ല ചേട്ടാ. അവളേക്കാളും നല്ലത് സ്നേഹമുള്ള ഒരു സ്ത്രീയാണ്. കുടിലിലെ മുത്തശ്ശിയുടെ മകൾക്ക് അതുണ്ടായിക്കൂടെന്നില്ല." അപ്പോഴും മാത്രമാണ് രമേ, പനിനീർമൊട്ടിനകത്ത് ഒളിച്ചിരുന്ന് അതിന്റെ സൌന്ദര്യത്തെ തിന്നുതീർത്ത ആ പുഴുവിനെ ഞാൻ കണ്ടത്. പക്ഷേ അപ്പോഴേയ്ക്കും കാര്യങ്ങളെ എനിയ്ക്ക് നിയന്ത്രിയ്ക്കാൻ കഴിയാത്തിടത്ത് എത്തിയിരുന്നുവല്ലോ. ഞാൻ മൌനംപൂണ്ടു. ശാന്ത വീണ്ടും പറഞ്ഞു. "എനിയ്ക്ക് ഒരപേക്ഷകൂടിയുണ്ട് ചേട്ടാ", മാറിടത്തിൽനിന്ന് ഒരു ചെറിയ പൊതിയെടുത്ത് എന്റെ കൈയിൽത്തന്നു അവനും പറഞ്ഞു, "ഇതേ എന്റെ കൈവശമുള്ളൂ. ഇത് ചേട്ടന്റെ വിവാഹദിവസം വധുവിന്ന് സമ്മാനിയ്ക്കണം." ഞാനപ്പോഴും അതഴിച്ചു നോക്കിയില്ല. എനിയ്ക്കതിന്ന് ശക്തിയുണ്ടായിരുന്നില്ല. ശാന്ത കണ്ണുകളടച്ച് അല്പനേരത്തെ മൌനത്തിനുശേഷം താഴ്ന്ന സ്വരത്തിൽ പറഞ്ഞു. "ചേട്ടനെ ബുദ്ധിമുട്ടിച്ചതിനെല്ലാം എനിയ്ക്കു മാപ്പുതരണേ." ഇതായിരുന്നു ശാന്തയുടെ അവസാനവാക്കുകളും.

"ശാന്തയുടെ സമ്മാനമിതാ രമയ്ക്ക് തരാൻ പോകയാണ്." ഗോപി മേശയിൽനിന്ന് ഒരു പൊതിയെടുത്ത് രമയ്ക്കു നീട്ടി. പഴകിയ ഒരു ശീലയിൽ നാടുകൊണ്ട് ഭദ്രമായി കെട്ടിയ ഒരു ചെറിയ പൊതി. രമയത് അഴിച്ചുനോക്കി—കുറപിടിച്ച ഒരു മുക്കുമോതിരം.

സ്നേഹത്തിൽനിന്നുദിക്കുന്നു—ലോകം, സ്നേഹത്താൽ വൃദ്ധി തേടുന്നു;
സ്നേഹംതാൻ ശക്തി ജഗത്തിൽ—സ്വയം സ്നേഹംതാനാനന്ദമാകുംം;
സ്നേഹംതാൻ ജീവിതം ശ്രീമൻ—സ്നേഹവ്യാഹതിതന്നെ മരണം.
സ്നേഹം നരകത്തിൻ ഭീപിൽ—സ്വർഗ്ഗഗേഹം പണിയും പടുതരം.

—ആശാൻ

നിർമ്മലം നദീജലം സാഗരത്തന്നിൽ ചേർന്നാൽ
നിശ്ചയം പുളിച്ചുപോമെന്നതോ കാണുന്നില്ലേ?
സ്വല്പമെങ്കിലും ഗുണം സൽപുരുഷങ്കൽ ചേർന്നാൽ
ശില്പമാംവണ്ണം പ്രകാശിക്കുമെന്നറിഞ്ഞാലും.

പ്രായം മനുഷ്യനു കണക്കു കൂട്ടാൻ
പോകും വയസ്സെണ്ണുകയല്ല വേണ്ടൂ,
മായംവിനാ ചെയ്ത സുകൃത്യമെണ്ണീ-
ട്ടായുസ്സതിൻ ദൈർഘ്യമളന്നിടേണം.

അനുവദിയ്ക്കുക

ശ്രീധരൻ, II B. Sc.

അയ്യോ! വിട്ടു, വേലചെയ്യുവാനെന്നെ നീ,
വയ്യെനിക്കിങ്ങനെ മിണ്ടാതിരിക്കുവാൻ.
തുമ്പയെടുത്തു ഞാൻ പാടത്തു പോകവെ,
മുമ്പിൽ വന്നെന്നെ തടുത്തുനിത്തായ്ക നീ.
പാട്ടുപെട്ടീടുവാനുള്ളൊരഭിലാഷം
പാടേ വിപാടനം ചെയ്യാൻ തുനികയോ?
സന്തതം വേലയെടുപ്പാൻ കൊതിപ്പതി-
ന്നന്തരായം വരുത്തൊല്ല നീയെൻ പ്രിയേ.

മുങ്ങുന്നു, നീ പരിഷ്കാരത്തിൻ സിന്ധുവിൽ,
മങ്ങുന്നു വേലയെടുക്കേണ്ട രംഗത്തിൽ.
നീയോ വെറുക്കുന്നു വേലയെ, പക്ഷെ ഹാ
നീയെന്തിനെന്നെ തടുത്തു നിത്തീടണം?
ഇല്ല; കഴിയുകയില്ല മേയിങ്ങനെ
യല്ലലില്ലാതെ നയിക്കുവാൻ ജീവിതം.
അല്ലലില്ലാതെ കഴിയുന്ന ജീവിതം
നല്ലൊരു ജീവിതമെന്നു ചൊല്ലാവതോ?
മെയ്യനക്കാതെ സുഖിക്കാൻ കൊതിപ്പോരെ,
വയ്യാ, മനുജന്മാരെന്നു വിളിക്കുവാൻ
മണ്ണിൽ പിറന്നവർ-മണ്ണിൻറെ മക്കൾ-നാം
മണ്ണിൽ പണിയെടുത്തിട്ടു കഴിയണം.
പാടം വിളിക്കയാണെന്നെ,പ്പണിയുവാൻ;
പാടില്ല, പാടില്ല, നേരം കളയുവാൻ.
എന്തിനെന്നെപ്പരതന്ത്രനാക്കുന്നു നീ-
യന്തരംഗം തകരുന്നു ഹാ മൽപ്രിയേ,
നീയനുവാദം തരികെൻ പ്രണയിനി,
ന്യായമായ് വേലയെടുത്തു കഴിയുവാൻ.

ക്ഷിതിയിലഹഹ! മർത്യജീവിതം
പ്രതിജനഭിന്നവിചിത്രമാർഗ്ഗമാം,
പ്രതിനവരസമാമതോർക്കിൽ
കൃതികരം മനുഷ്യകഥാനുഗായികരം.

—ആശാൻ

ഹിമാലയം

തങ്കപ്പൻ തോമസ്, III ബി. എസ്സ്. സി.

ഭാരതത്തിന്റെ പരമ്പരാഗതമായ വടക്കുകിഴക്കൻ അതിർത്തിപ്രദേശത്തു് ഈയിടെ നടന്ന സംഭവ വികാസങ്ങൾ ഇന്ത്യയിലും മറ്റു രാഷ്ട്രങ്ങളിലും വന്നിച്ച ചലനങ്ങൾ ഉളവാക്കിയിട്ടുണ്ടല്ലോ. നമ്മുടെ മാതൃഭൂമിയുടെ അതിർത്തിയിൽ അയൽരാജ്യമായ ചൈന നടത്തിയ കൈയേറ്റത്തിന്റെ പ്രത്യാഘാതമായിരുന്നു അത്. ശതാബ്ദങ്ങളായി നിലനിന്നു പോരുന്ന ഭാരതരാഷ്ട്രസീമയെ ചൈന അതിലംഘിച്ചപ്പോൾ ഇവിടെയുള്ള ജനകോടികളിൽ ഉടലെടുത്ത ധാർമ്മികരോഷം ഇന്നും അലയടിച്ചുയരുന്നുണ്ടു്. 1954 ഏപ്രിൽ 29-ാംനു- ചൈന ഇന്ത്യയുമായി ഒരു സൌഹാർദ്ദ ഉടമ്പടിയിൽ ഒപ്പുവെയ്ക്കുകയുണ്ടായി. എന്നാൽ അടുത്ത കാലത്തുണ്ടായ കൈയേറ്റം ചൈന അംഗീകരിച്ച പഞ്ചശീലതത്വങ്ങളുടെ നഗ്നമായ ലംഘനമാണ. ലഡാക്കിൽ ചൈനീസ് പട്ടാളം റോഡു നിർമ്മിക്കുകയും, ലോംഗ് ജു കീഴടക്കുകയും, ഇന്ത്യൻഭടന്മാരെ അറസ്റ്റ് ചെയ്യുകയും, പലരെയും വധിക്കുകയും ചെയ്തതു് നമ്മുടെ പരമാധികാരരാഷ്ട്രത്തോടുള്ള അവഹേളനമാണ്.

ഹിമാലയൻ അതിർത്തിയുടെ പ്രാചീനത്വം

വളരെ പ്രാചീനമായ ഒരു ചരിത്രപശ്ചാത്തലമാണ് ഭാരതത്തിന്റെ വടക്കുകിഴക്കൻ സീമയ്ക്കുള്ളതു്. ഹിമവൽപ്രദേശങ്ങളും ഭാരതീയ ജീവിതത്തിൽ ചെലുത്തിയ സ്വാധീനതയുടേയും അവ ഈ രാജ്യത്തിന്റെ അതിപ്രാക്തനമായ ഉത്തരാതിർത്തിയായിരുന്നുവെന്നതിന്റെയും വ്യക്തമായ ചരിത്രവസ്തുതകളിലേയ്ക്കു കണ്ണോടിക്കുന്നതു രസാവഹമായിരിക്കും.

ആര്യന്മാരുടെ ആഗമനാനന്തരം, ഹിമാലയം ഇന്ത്യൻ ജീവിതത്തിൽ ചെലുത്തിയ സ്വാധീനത വ്യക്തമാക്കുന്നതിനാവശ്യമായ തെളിവുകളും സുലഭങ്ങളാണ്. അക്കാലത്തു ഉത്തരേന്ത്യയിൽ ഉടലെടുത്ത ചില ഗ്രന്ഥങ്ങളിൽ ഭാരതവർഷത്തിന്റെ വടക്കൻഅതിർത്തി ഹിമവദ് ഗിരിശൃംഗങ്ങളാണെന്ന പ്രസ്താവമുണ്ടു്. ഹിമാലയത്തിനു ദക്ഷിണഭാഗത്തായും സമുദ്രത്തിനു വടക്കായുമുള്ള രാജ്യം ഭാരതമാണെന്നും, അവിടത്തെ നിവാസികളും ഭാരതീയരാണെന്നും വിഷ്ണുപുരാണത്തിൽ പറയുന്നുണ്ടു്.

ഋഗ്വേദത്തിലും കേനോപനിഷത്തിലും ഭാരതത്തിന്റെ ഉത്തരാതിർത്തിയായ ഹിമാലയത്തെപ്പറ്റി പരാമർശനങ്ങളുണ്ടു്. മഹാഭാരതം പ്രാചീന ഇന്ത്യയുടെ ചരിത്രത്തിലേയ്ക്കു പ്രകാശം വിതറുന്ന പല സംഗതികളുടേയും വിളനിലമാണ്. പിൽക്കാലത്തു് ഐതരേയബ്രാഹ്മണം എന്ന കൃതി രൂപമെടുത്തു. ഈ ഗ്രന്ഥങ്ങളിൽ അന്നത്തെ ഇന്ത്യയെപ്പറ്റിയുള്ള പ്രസ്താവനകളും നല്കുന്ന ഇടങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ഭൂമിശാസ്ത്രപരമായ കാര്യങ്ങളെ മുൻനിർത്തി, അന്നും ഇന്ത്യയുടെ ഉത്തരാതിർത്തി ഹിമാലയമായിരുന്നു എന്നു മനസ്സിലാക്കാം.

ഹിമവാനും കാളിദാസസാഹിത്യവും

കാളിദാസഗ്രന്ഥങ്ങളിൽ ഹിമവാൻ ഭാരതത്തിന്റെ വടക്കേഅതിരായിരുന്നുവെന്നും, അന്നത്തെ ജനങ്ങൾക്കു് ഈ ഗിരിനിരകളും സുപരിചിതങ്ങളായിരുന്നുവെന്നും കാണാം. രഘുവംശം, കുമാരസംഭവം എന്നീ ഗ്രന്ഥങ്ങളും ഈ യാഥാർത്ഥ്യത്തെ ഉൽഘോഷിക്കുന്നു. കുമാരസംഭവത്തിലെ പ്രഥമപദ്യംതന്നെ

അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോ നാമ നഗാധിരാജ:
പൂർവ്വാപരൌ തോയനിധീ വഗാഹ്യ
സ്ഥിത:പൃഥിവ്യാ ഇവ മാനദണ്ഡ:

എന്നാണല്ലോ. ഹിമാലയ പ്രദേശങ്ങളുമായി ഗാഢസമ്പർക്കം പുലർത്തിയ ഒരാളെയാണ് നാം കാളിദാസസാഹിത്യത്തിലുള്ള ഹിമാലയവർണ്ണനകളിൽ കാണുന്നതു്.

എ. ഡി. 5-ാംശതകത്തിൽ ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരിയായ ഫാഹിയാൻ തന്റെ യാത്രാവിവരണങ്ങളിൽ പറയുന്ന നാ-പീ-ഹ എന്ന രാജ്യം, അശോകന്റെ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന നേപാന്തീസ് എന്ന ഹിമാലയൻരാജ്യമാണ്. അശോകന്റെ കാലത്തെ ഒരു ശിലാലിഖിതം ഇതിനു തെളിവാണ്. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ ദേവപർവ്വതമായ ഹിമാലയത്തെ ആരാധിക്കുന്നതിനെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. വിശാഖദത്തന്റെ "മുദ്രാരാക്ഷസം" നാടകത്തിൽ ഗുപ്തസാമ്രാജ്യത്തിന്റെ വടക്കൻ അതിരായി ഹിമാലയത്തെ ചൂണ്ടിക്കാണിക്കുന്നു. "ഇന്ത്യൻനെപ്പോളിയൻ"നെന്നു പ്രഖ്യാതനായ സമുദ്രഗുപ്തന്റെ കാലത്തു പ്രചരിച്ചിരുന്ന നാണയങ്ങളിൽ ഹൈമവതീദേവിയുടെ ചിത്രങ്ങളുണ്ടായിരുന്നു. നീപ്പാൾ, ആസാം, കാശ്മീർ എന്നീ ഹിമാലയരാജ്യങ്ങളിൽനിന്നു അദ്ദേഹം കപ്പം വാങ്ങിയിരുന്നു.

ഹൂണന്മാരുടെ ആക്രമണം ഹേതുവായി ഗുപ്തസാമ്രാജ്യലക്ഷ്മി അസ്തമിക്കുകയും, തുടർന്ന് മാൾവാധിപനായ യശോവർമ്മൻ ഹൂണന്മാരെ പരാജയപ്പെടുത്തുകയും ചെയ്തു. യശോവർമ്മന്റെ അധികാരപരിധി ഹിമാലയംവരെയായിരുന്നുവെന്നു മാന്ദസോർ ശിലാലിഖിതത്തിൽനിന്നു വ്യക്തമാകുന്നു. വോർപോ (ഇന്നത്തെ ലഡാക്) ഹർഷസാമ്രാജ്യത്തിൽ പെട്ടതാണെന്ന് ഹ്യുയൻസാങ്ങും, ഹിമാലയപ്രാന്തങ്ങളിൽനിന്നു ഹർഷൻ കപ്പം വാങ്ങിയിരുന്നുവെന്ന് ബാണഭട്ടനും രേഖപ്പെടുത്തിയിട്ടുണ്ട്

മുകൾ-ആംഗലഭരണകാലം

